298
൨൦൭

പ്രിയവിലാപം

മുതലായ

പല ഖണ്ഡകൃതികൾ ഇതിൽ

അടങ്ങിയിരിക്കുന്നു.

സംസ്കൃതാഭ്യാസത്തിന്റെ ഇൻസ്പെക്ടർ

ഏ. ആർ. രാജരാജവൎമ്മാ എം. ഏ.

തമ്പുരാനാൽ രചിക്കപ്പെട്ടതു്.

കൊല്ലം

സുബ്ബയ്യാ തെന്നാട്ടു റെഡ്യാർ വക

"വിദ്യാഭിവൎദ്ധിനി"

അച്ചുക്കൂടത്തിൽ

അച്ചടിച്ചതു്.

൧൦൭൮

294
186
348

പ്രിയവിലാപം

മുതലായ

പല ഖണ്ഡകൃതികൾ ഇതിൽ

അടങ്ങിയിരിക്കുന്നു.

പള്ളിക്കൂടം മദ്ധ്യറേഞ്ജ് ഇൻസ്പെക്റ്റർ

എം. രാജ രാജ വൎമ്മാ എം. എ.

തമ്പുരാനാൽ രചിക്കപ്പെട്ടതു.

കൊല്ലം

സുബ്ബയ്യാ തെന്നാട്ടു റെഡ്ഡ്യാർ വക

"വിദ്യാഭിവൎദ്ധിനി"

അച്ചുക്കൂടത്തിൽ

അച്ചടിക്കപ്പെട്ടതു.

൧൦൭൮

മുഖവുര.

കാണ്മാൻ പോകുന്ന പൂരം പറഞ്ഞറിയിക്കണമെന്നില്ലല്ലൊ. വായിക്കാൻ പോകുന്ന ഗ്രന്ഥത്തിന്നു പ്രസ്താവന വേണോ? അച്ഛന്നു മക്കളോടു വാത്സല്യം സഹജമാണ്. സീമന്തപുത്രനോടു പിന്നെ സംശയിക്കാനുണ്ടോ? എന്നാൽ മാതാപിതാക്കന്മാർ കല്പിക്കുന്ന പേരല്ല, ജനങ്ങൾ കൊടുക്കുന്ന പേരാണ് പുത്രന്മാൎക്കു നിലനില്ക്കുന്നതു. നീരാഴിയിലെ വെള്ളം ചീത്തയാണെങ്കിൽ പൊന്നിൻകല്പടകൊണ്ടു ഒരു പ്രയോജനവുമില്ല. അതുപോലെ കാവ്യം നീരസമാണെങ്കിൽ കേമനായ മുഖവുര അതിനെ നന്നാക്കയില്ല.

ഒരു അന്യഥാ ബോധത്തെ അകററുന്നതിന്നു മാത്രമായിട്ടാണു ഞാൻ ഒരു മുഖവുര എഴുതുന്നതു. അശ്വതി തിരുനാൾ കൊച്ചുതമ്പുരാൻ തിരുമനസ്സിലെ അകാലവിയോഗത്താലുണ്ടായ മനോവ്യഥയുടെ ശാന്തിക്കായി 'ടെന്നിസൺ' എന്ന മഹാകവിയുടെ „ഇൻമെമ്മോറിയം" എന്ന പ്രസിദ്ധകൃതിയെ ഒരു ആവൃത്തി ഞാൻ വായിക്കയുണ്ടായി. ആ കാവ്യരത്നത്തിന്റെ ആസ്വാദ്യ

ത ഇതരഭാഷയിൽ വരുത്തുന്നതിനു മാദൃശന്മാർ തുനിയുന്നതു സാഹസമെന്നേ വരൂ; പ്രതിപദം ഭാഷാന്തരം ചെയ്യുന്നതു അസാദ്ധ്യമത്രെ; അതിന്റെ ഛായ വരുത്താൻ "പ്രിയവിലാപ"ത്തിൽ യഥാശക്തി ഞാൻ ശ്രമിച്ചിട്ടുണ്ടു്. അതുകൊണ്ടു പ്രിയവിലാപം ഒരു സ്വതന്ത്രകൃതിയല്ല; ഭാഷാന്തരമാണോ? അതുമല്ല. ടെനിസന്റെ അദ്വിതീയയായ കൃതിയുടെ മാധുര്യത്തെ ഇതിൽ അനുഭവിക്കാൻ മോഹിക്കുന്നവർക്കു ഇച്ഛാഭംഗത്തിനു ഇടവന്നേക്കാം. ആ മഹാകവിയുടെ അതിരമണീയങ്ങളായ പല കല്പനകളുടെ ഏകദേശത്തെ പകൎത്തിയും സ്വന്തമായി അവിടവിടെ ചിലതെല്ലാം ഏച്ചുകെട്ടിയും രചിച്ചിട്ടുള്ളതാണു് ഈ ഖണ്ഡകാവ്യം.

മററുള്ള ചില്ലറ കൃതികൾ പല അവസരങ്ങളിലായി എഴുതീട്ടുള്ളവയാണു്. അവയിൽ ചിലതു മുമ്പിൽ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. ചിലതു ഇദംപ്രഥമമായി അരങ്ങത്തു ഇറങ്ങുകയാണു്. രംഗപ്രവേശം കഴിഞ്ഞിട്ടില്ലാത്ത നടന്മാരുടെ ന്യൂനതകൾ അവശ്യം ഉണ്ടാകാതെ ഇരിക്കയില്ല. എങ്കിലും വെള്ളത്തിലിറങ്ങാതെ നീന്തു പഠിക്കുന്നതു സാദ്ധ്യമല്ലല്ലോ.

കൊല്ലം.
൧൦൮൫ തുലാം ൩ നു- } എം. രാജരാജവൎമ്മരാജാ.

ശ്രീ

പ്രിയവിലാപം.

൧. കഴിവില്ല മിഴിക്കു കാണുവാൻ
കുഴയും സൂക്തികളാൽ തെളിക്കുവാൻ
അഴിവററ മഹേശ! നിൻപദം
മുഴുകും ഭക്തിരസേന കൈതൊഴാം.

൨. ഭവദീയമതാണു കാണുമീ-
ഭുവനം സത്വരജസ്തമോമയം;
തവ ഭാവനകൊണ്ടു ദേഹിനാം
ഭവപാശങ്ങൾ ഭവിച്ചിടുന്നിഹ.

൩. ഒരു കൈ പണിചെയ്തു ലോകമീ
മറുകൈ കൊണ്ടു നശിച്ചിടുന്നു തേ
വരികില്ല, തഥാപി, ദോഷമെ-
ന്നൊരു വിശ്വാസമനശ്വരം മമ.

൪. പണിചെയ്തു മനുഷ്യനെ ബ് ഭവാൻ;
ഫലമെന്തെന്നവനില്ല ബോധവും;
പരനായൊരു നീ ചമയ്ക്കയാൽ
പരമത്വത്തെ നടിച്ചിടുന്നവൻ.

൬. മനുജത്വവുമീശ്വരത്വവും
മിനുസം നിന്നിലമൎന്നിട്ടുന്നഹോ!
കനിയുന്ന തവേച്ഛ കണ്ടുടൻ
ദനുജാരേ! മനുജേച്ഛ തുച്ഛയാം.

൭. തുലയുന്നു ഞൊടിച്ചിട്ടമ്പൊഴേ-
ക്കുലകിൽ കാണ്മവതൊക്കെ, യെങ്കിലും,
കലയാണു ഭവാൻെറയെന്നു താൻ
കല്പയാമോ വയമായവററയെ.

൮. കരണത്തിനഗമ്യനായിടും
പരനാം നിന്നെയറിഞ്ഞിടാൻ പണി;
കരുതുന്നഥ ഭക്തിയൊന്നു താ-
നിരുളാണ്ടോരുലകിന്നു ദീപമായ്.

൯. അറിവേറിവരേണമെങ്കിലും
കുറവാൎന്നിടരുതെൻെറ ഭക്തിയും;
നിറവാൎന്നിവ രണ്ടുമൊപ്പമായ്
മറവാക്കീടണമജ്ഞ വൈരവും.

൰. ഭയമെപ്പൊഴൊരിക്കലില്ലനോ
നിയതം നിന്നെ ഹസിക്കുമിജ്ജനം,
ഇതി ഭീരുവു മല്പനാം നരൻ;
മതിമാൻ ധീ തുണചെയ്തിടേണമേ.

൫൦. അദനീയമതാന്നു കാണ്മീ
സദസൽകർമ്മവിചാരമാകവേ;
ഹൃദയേ കരുതാതെയേതുമേ
സദയം തെററുകളെപ്പൊറുക്ക നീ.

൫൧. മൃതനാം മമ മിത്രമോർത്തനി-
ക്കതിയാകുന്നു വിഷാദമത്ഭുതം!
തവ പാദമതൊന്നുകൊണ്ടുതാ-
നവനിന്നൊരേയെനിക്കു വന്ദ്യനാം.

൫൨. മമ യൗവനജീവനൌഷധം
സമയേ വിട്ടുപിരിഞ്ഞതോർത്തു ഞാൻ
കരയുന്നതിനെ ക്ഷമിച്ചു മേ
കൃപയാർന്നേകുക തത്ത്വബോധവും.

൫൩. മൃതിയെന്നതുതാനയന്നൊരാ
സ്ഥിതിയാർന്നീടുവതിന്നു കല്പട,
ഇതിയോർത്തുമനേകസജ്ജനം;
മതിയിൽ ബോധവുമുണ്ടെനിക്കതും.

൫൪. കരമാർന്നതിനെക്കളഞ്ഞഹോ!
വരുമെന്നോർത്തു സുഖിക്കുമോ നരൻ?
കരുതും ഭവിതവ്യതാ സുഖം
തരുമെന്നാരൊരു സംശയം വിനാ?

൰൩. തുണയായി വരിച്ചുകൊൾക നീ
പിണയും മാലിനെയല്ലയെങ്കിലോ,
നിയതം ഭവസാഗരോദരേ
പ്രിയമേ! മുങ്ങി നശിച്ചു പോയിടും.

൰൪. പലനാളുകൾകൊണ്ടു സിദ്ധമാം
ഫലമായുള്ളൊരു സൌഹൃദം ക്ഷണാൽ
തുലയുന്നതു കണ്ടു കാലമ-
ങ്ങലിവില്ലാതെ ഹസിപ്പതോർക്കിലോ,

൰൫. കരയറെറാരു ശോകസാഗരേ
കരമോരോന്നു കുഴഞ്ഞു താണുപോയ്
മരണം ശരണം ഗമിപ്പതേ-
വരമെന്നുള്ളതിനില്ല സംശയം (യുഗ്മകം)

൰൬. ചുടുകാടിനകത്തു വാണിടും
വിടപ! ത്വം പടരുന്ന ശാശ്വതം;
ഘടികാരമൊരോ നിമേഷമാ-
ന്നിടവേ ധാവതി ജീവിതം നൃണാം.

൰൭. അരുണാരുണകാന്തി ചിന്തിടു-
ന്നൊരു മാർത്താണ്ഡനുദിച്ചു സത്വരം
ഒരു രാവു വരുന്ന മുന്നമേ
ചരമത്വത്തെ യണഞ്ഞിടുന്നഹോ!

൨൦. പ്രതിരാത്രിയഹോ! വിയത്തിൽ വ-
ന്നതിയായ് താരകളും വിളങ്ങുമേ;
പതിയോടു രമിച്ചുകൊണ്ടുതാൻ
പതിവായാഴിയിൽ മുങ്ങി മങ്ങിടും.

൨൧. പുതുനീലനിറം ചിലേടമായ്
ചിതറും പാടലകാന്തി കുത്രചിൽ
അതിവെള്ളയുമാൎന്നു കോമളം
സ്ഥിതിചെയ്യുന്നാ വിയത്തിനൊപ്പമായ്,

൨൨. രമണീയമണിഞ്ഞു കണ്ണിനെ
ശ്രമമെന്യേ വശമാക്കിവെച്ചിടും
കമനിക്കിണയായ മായയാൽ
ഭ്രമമുൾക്കൊണ്ടു നടക്കുമേവനും(യുഗ്മകം)

൨൩. വനമാരുതനങ്ങു വേണുവായ്
വിലസും പൊള്ളമുളയ്ക്കു തുല്യയാം
പ്രകൃതിം, പുരുഷന്റെ ലീലയാം,
പ്രിയയായെണ്ണുവതെത്ര തുച്ഛമാം!

൨൪. ഇരുളാൎന്നൊരു രാവുവേളയിൽ
തരുമാശ്വാസമൊരുത്തനില്ല മേ
ശരണം പുനരിങ്ങു നിദ്രയെ
ക്കരുതുന്നോനൊരു ദാസനായി ഞാൻ.

൨൨. അമരം തുഴയാത്ത വഞ്ചിയാ-
ന്നമരുന്നോരസമാനനായി ഞാൻ
ചുഴലുന്നു പലേടമത്തലാം
ചുഴലിക്കാററിലുഴന്നു രാത്രിയിൽ.

൨൩. മനമേ! ഫലമൊക്കെ വിട്ടു നീ
നിനവേത്തും കലരാതെയന്ധമായ്
തനുവായ വികാരവും വിനാ
മുനിയായ് വാഴ്‌വതെന്തിനാണെടോ?

൨൪. തവ നല്ല പുരാണമിത്രമാ-
മവനേയോർത്തു വസിച്ചു കിം ഫലം?
ഒഴുകുന്നൊരു ഗംഗപോലെ നി-
ന്മിഴിനീരാലുദകക്രിയാം കുരു.

൨൫. ഒരു രൂപവുമില്ലയെങ്കിലും
കരുതേ മേ മനസി വ്യഥാം വൃഥാ
ഇരുളാർന്നിട്ടവേ പിശാചിപോ-
ലുരുവാം മാലതു പോകുമേ പകൽ.

൨൬. ഒരു പാതി വെളിക്കു കാട്ടിടും
മറുഭാഗം മറവാക്കി വെച്ചിടും
പ്രകൃതിക്കിണയായ വാക്കുകൊ-
ണ്ടകമേ തിങ്ങിന മാലുരപ്പതോ!

൩൦. ഉത്കണ്ഠ, തഥാപി, പഥ്യമാ-
ന്നുപോക്കുന്നതിൻററ മാലിനെ
അതിവേദന പൂണ്ടുവന്നു തൻ-
മതിമാററുന്ന കറപ്പിനൊപ്പമായ്.

൩൧. വിറയാർന്നിടരോ പുതച്ചിട്ട-
ന്നൊരു കീറത്തുണിയാകിലും, തഥാ
നിറയുമ്പൊഴുതിന്നു മാലഹോ!
കുറയുംമേ മൊഴിയിൽ പൊതിഞ്ഞിടാം.

൩൨. "ഇനിയും പ്രിയരില്ലയോ,? പുന-
ർന്നജാനാം പതിവല്ലയോ മൃതി,?
പതിരും കരുതീട്ടു നെന്മണി-
ക്കെതിരായെത്രജനം ഭ്രമിച്ചിടും?

൩൩. പതിവായൊരുപോലെ പാർത്തിട്ട-
ന്നതിനേപ്പററി വിചാരമാകവേ
മതിയിൽപ്പുതിയുന്നതില്ലകേ-
ളി"തി കേചിൽ പറയുന്നു സാന്ത്വനം.

(യുഗ്മകം)

൩൪. നിയമേന നടന്നിട്ടുന്നതാ-
ണിതിമേ മാല്യ ശമിച്ചുപോയിടാ;
അകമേ പുനരൊന്നിനൊന്നിനി-
ങ്ങതിമാത്രം വളരുന്ന നാൾക്കരാം.

൩൦. ഒരുനാളു വെളുത്തു രാത്രിയാ-
യിരുളുമ്മൂമ്പിലതീവ ശോച്യമായ്
പരമെത്ര ശരീരിണാം മന-
സ്സുരുകുന്നു വ്യസനാഗ്നി പൂണ്ടഹോ!

൩൧. അയിതാത! രണേഷു ശൂരനായ്
ജയമാൎന്നോരു മകന്നുവേണ്ടി നീ
പ്രിയമൊന്നു നിനച്ചിടുമ്പൊഴേ-
ക്കയമയ്യോ! വെടിയേററു വീണുപോയ

൩൨. അയി! മാത്'രമേയഭാഗ്യനായ്
പ്രിയപുത്രൻ വരവേണമീശ്വരാ'!
പ്രിയമേവമുരയ്ക്കവേ മകൻ
കയമൊന്നാൻ കുടിച്ചുചത്തുപോയ്.

൩൩. പ്രിയനിന്നുവരും മമാ'ധവാ,
നിയതം നാളെ.യിവണ്ണമെണ്ണി നീ
നിയമേന നയിച്ചിടും ക്ഷണം
സ്വയമേ നാളുകൾ നാരിയാൾമണേ!

൩൪. അവനന്നു പിരിഞ്ഞ നാൾ മുത-
ല്ക്കിവയെന്തിന്നിനിയെന്നു തള്ളിയ
നവചേലകൾ ഭൂഷണങ്ങളും
സവിശേഷം പുനരായ് ധരിച്ചിടും;

൪൦. കരക്രന്തലമണിഞ്ഞിട്ടും തദാ
നിറയും പൂക്കളെറുത്തു കെട്ടി നീ
നിറമേറിയ പൊട്ടു തൊട്ടിട്ടും
പറയും പുഞ്ചിരി പൂണ്ട വാക്കുകൾ;

൪൧. മുകുരം പരിചോടു പാർത്തിട്ടും
പകരും മോടികൾ മാറിമാറി നീ
തകരാറുകൾ വന്നിടായ്വതി-
ന്നകതാരിൽ പല നേർച്ച പൂണ്ടിട്ടും;

൪൨. പലമാതിരിയിപ്രകാരമായ്
പകലേതന്നെയൊരുങ്ങി നിന്നിട്ടും
പ്രിയനാമവനെ പ്രതീക്ഷ്യ നീ
പ്രതിസായം കിളിവാതിലിൽ തദാ;

൪൩. വിപരീതമതായിരിക്കവേ
വിധി,യെന്തൊക്കെയിരിക്കിലെന്തഹോ!
വിനിവാര്യമതല്ലൊരിക്കലും;
വരുവാനുള്ളതു വന്നുതന്നെ പോം.

൪൪. കയമൊന്നു കടന്നിടുമ്പൊഴോ,
ഹയമൊന്നേറി വരുമ്പൊഴോ മുദാ,
ഭയമേതിലുമില്ല,യെങ്കിലും,
പ്രിയനയ്യോ! കഥയായി നമ്മുടെ.

൪൫. ഇടിവാളുകണക്കു വീണിട്ടും
മൃതിവാർത്തമിതു കേൾക്കവേ, തവ
സ്ഥിതി വാക്കുകൾകൊണ്ടു ചൊല്ലുവാ-
നൊരുവാചസ്പതിയും മടങ്ങുമേ.

൪൬. 'ഇനിയെന്തിനിരുന്നിടുന്നു ഞാൻ
തനിയേമന്നിൽ? മരിക്കണംക്ഷണം'
നിനവീവിധമാർന്നിടുന്നു നീ
മനതാരിങ്കലെനിക്കുമേവമാം.

൪൭. ബുധനാമവനിന്നു പോകയാൽ
വിധിയാൽ വഞ്ചിതരായി നാമഹോ!
വിധവാത്വമനന്തമായിതേ;
വിധമേവം പ്രിയനൊന്നുമില്ല മേ.

൪൮. അയിതോഴ! വിളിച്ചിടാതെ മാം
ത്വരിതം പോയതു ചൊല്ലുകെങ്ങു നീ
വെറുതേ തവ വീട്ടിൽ വന്നു ഞാൻ
പരിതോ നോക്കിനടന്നിടുന്നിതാ.

൪൯. പതിവായ് പുലർകാലമാകവേ
പടിവാതുക്കലണഞ്ഞു നിന്നുടേ
നവവാർത്തകളുള്ളതൊക്കെയ-
ങ്ങറിവാനാഗ്രഹമേറെയാണ്ടു ഞാൻ.

൨൦. പകൽപോയിരവാൎന്നിട്ടും ക്ഷണം;
പകരും വൎഷമതായി വേനലും;
തവ മന്ദിരമപ്രകാരമായ്
ശവഗേഹത്വമണിഞ്ഞിടുന്നിതാ.

൨൧. കലയാകെയണിഞ്ഞൊരിന്ദുവിൻ-
തുലയാൎന്നങ്ങരുളീ യദേകദാ,
കലയററ മൃഗാങ്കതുല്യമായ്
കലയാമസ്തവ ഗേഹമിന്നഹോ!

൨൨. കുലദീപമതായിരുന്ന നീ
ജ്വലനം ചെയ്തിടവേ പ്രകാശമായ്
വിലസീടിന മേട നിന്നുടെ
വിലയേ കുററിരുളാൎന്നിടുന്നിതാ!

൨൩. പടരും പിടപങ്ങളും, പൂക്കളും
വിടരും, മോടി തടാകതീരവും
തടവും പുതുപൂനിലാവിനാൽ,
പടവാൎന്നങ്ങഥ പാടിടും കുയിൽ,

൨൪. വിരഹിക്കിവയേതു മാതിരി-
ക്കുരുതാപത്തിന്ന പാത്രമാകുമോ,
ശരിയായതുപോലെ സങ്കടം
പരമേകുന്നവയിന്നെനിക്കഹോ!

(യുഗ്മകം)

൩൩. ഇല പോയൊരു വൃക്ഷമെങ്ങനേ
വിലസും, കൂട പൊഴിഞ്ഞ പക്ഷിയും,
അതുപോലെ സുഹൃന്മണേ! ഭവ-
ന്മൃതിയാലിന്നു ചമഞ്ഞിടുന്നു ഞാൻ.

൩൪. ഉലകിന്നൊരു ജീവനായ നിൻ-
വിലയേ മാലു സഹിച്ചിടാതെയായ്
ഇലപോലുമിളക്കിടാതിതാ
നിലയായീ ബത! വൃക്ഷസഞ്ചയം.

൩൫. തവ സംഗമമങ്ങു പോകയാൽ
പവനൻ പാരിടവും വെടിഞ്ഞിതോ?
ശവമെന്നതുപോലെ സർവ്വവും
ഭുവനേ നിശ്ചലമായ് വിരാജതേ.

൩൬. ഗതിയില്ല സദാഗതിക്കു താൻ,
ബത! സർവംസഹയത്തലൊട്ടുമേ
സഹിയാതെ സമാധി പൂണ്ടിട്ട-
നാ,ഹഹ! ത്വദ്വിരഹം ഹി ദുസ്സഹം.

൩൭. ഉദധിക്കെതിരായ വമ്പെഴും
ഹൃദയം നിശ്ചലമായി നിന്നുടേ;
കദനേന വരുന്നിതാഴിത-
ന്നുദരേ വേലിയിറക്കമേററവും.

൯൦. മരവും ചെടിയും സുമങ്ങൾതൻ-
നിരയും വള്ളികൾ പുല്ലുകൂടിയും
ചൊരിയുന്നിഹ ബാഷ്പധാരയെ-
പ്പരിതാപേന സമസ്തലോകവും.

൯൧. കരയുന്നതുകൊണ്ടു മൽപ്രിയൻ
വരികില്ലെന്നു വിചാരമേല്ക്കവേ
വിരവോടെയടങ്ങിടും മന-
സ്സുരുകീടും പുനരായ് ക്ഷണേനതാൻ.

൯൨. മമ മാനസതാരിലീവിധം
ശമവും തിങ്ങിന വേവലാധിയും
സമമായ് മരുവുന്നതോക്കിലി-
ന്നമരും രാവൊരുമിച്ചഹസ്സുമായ്.

൯൩. ചില വേളയിൽ നീലമായിടും
കലരും പച്ച ചുകപ്പു മഞ്ഞയും
പലവൎണ്ണമിവൎണ്ണമേന്തിടും
നിലയോന്തിന്റെ വഹിക്കുമോ മനം?

൯൪. പിശറും കടുതായ വാതവും
വശമാക്കുന്നളവിൽ കലങ്ങിടും
കൃശമാമലയില്ലയന്യഥാ
ഭൃശമക്കായലിനൊപ്പമോ മനം?

൰൬. ചലിയാതെ തെളിഞ്ഞഗാധമായ്
വിലസും കായലിനുള്ളിലായ് നിഴൽ
പലതും പതിയുന്നപോലെയോ
കലരുന്നൂ മനതാരിലത്തലും?

൰൭. അടിപാടടിപെട്ട പാറമേ-
ലുടവാന്നാടിയുലഞ്ഞുനിന്നുടൻ
അടിയാൻ തുടരുന്ന കപ്പലിൻ-
കിടയായോ കിമു മാനസം മമ?

൰൮. കരണത്തടിപെട്ടിട്ടമ്പൊഴ-
ക്കരണങ്ങൾക്ക കറക്കമേററുടൻ
തിരിവററ പുലമ്പുമെന്നപോ-
ലൊരുവാപ്പും തലയും വിനൈവ ഞാൻ,

൰൯. നിറയുന്നൊരു താപമേററിതാ
പറയുന്നൂ പലതും, തഥാപി, മേ
മറവാന്നമരുന്നു മാനസേ
മുറക്കൂടാതെ സമസ്തവസ്തുവും. (യുഗ്മകം)

൨൰. ജരയും നരയും മുഴുക്കയാൽ
കുരയും പൂണ്ടു കൊഴിഞ്ഞു പല്ലുകൾ
നരനെത്ര മരിച്ചിടാതെക-
ണ്ടൊരുതൊണ്ണൂറു വയസ്സിരിക്കിലും.

൭൦. മരുവുന്നലകിന്നു ഭാരമാ-
യൊരു കാശിന്നുതകാതെ, യോർക്കിലോ
ചെറുപയ്യനമേയബുദ്ധിപൂ-
ണ്ടൊരു തോഴൻ പിഴ ചെയ്തതെന്തുമേ?
(യുഗ്മകം)

൭൧. യമധർമ്മന്റെ ധർമ്മമാകവേ
കിമു കാശിക്കു കടന്നുപോയിതോ?
സുമനസ്സുകൾതൻ ഗണത്തിലി-
ന്നിമമാരാണു ഗണിച്ചു വെച്ചതും?

൭൨. പറയന്തക! കാന്തരൂപനാം
പ്രിയനേ ഹാ! കഥമിന്നു കൊന്നു നീ?
പശുവിന്റെ കഴുത്തറുക്കുവാൻ
പറയനോർത്തുമറപ്പു വന്നിടാ.

൭൩. തരുവേനപി ജീവിതം സഖേ!
വിരവോടേ വരുമെങ്കിലോ ഭവാൻ
പരിതാപമിതേറെയേല്ക്കയാൽ
പൊരിയുന്നു മനതാരു മേ പരം.

൭൪. 'ഇതുപോലെ നമുക്കു തമ്പുരാൻ
പുതുതായ് വന്നിടുകില്ല നിശ്ചയം'
ഇതിഭൃത്യജനങ്ങൾ കേഴവേ
ഗതജീവൻ പ്രഭുവുള്ളിലാളവേ;

൭ര. അതുപോലെ ശവത്തിനൊപ്പമായ്
മതി മേ നിശ്ചലയായിരിക്കവേ
ഗതികെട്ടു വെളിക്കു കേണിട്ട-
ന്നതിയായെൻകരണങ്ങളാകവേ
(യുഗ്മകം)

൭ന്ന. പിരിയാതൊരുനാളുപോലുമേ
പരമാനന്ദഭരത്തൊടേ ചിരം
ഒരു മാർഗ്ഗമതിങ്കലൂടെ നാ-
മിരുപേരും നടകൊണ്ടു തോഴരേ!

൭ൈ. ഒരു വേനലു തൊട്ടു വർഷമാം
വരെയും വർഷമെടുത്തു വേനലാം
വരെയും പല കേളിയാടി നാം
ചിരിയും പൂണ്ടു നടന്നു സൌഖ്യമായ്.

൭വ്യ. കളിയും ചിരിയും കലൎന്നു നാ-
മിളയാകും കളിമാമലയ്ക്കു മേൽ
കളിയാടി നടന്നു വിദ്യയാം
തെളിവേറും വഴിതന്നിലൂടവേ.

൭ൻ. പലമോഹവുമുള്ളിലാൎന്നു നാം
മലതൻ ചാൎത്തിലിറങ്ങി മെല്ലവേ
നിലകൊണ്ടളവിൽ ഭയങ്കരം
വിലസീ കാറണിയിട്ടു മുന്നിലായ്.

വ്യ൦ പരിചോട്ട പരന്ന ക്രരിരു-
ട്ടെരിയും ജ്ഞാനമണഞ്ഞു തൽക്ഷണം
തിരിയും തലയിൽ പെരുപ്പുമായ്
തിരിയാതായി വചസ്സമസ്തമായ്.

വ്യ൫. അതിയാമിതുപോതു സങ്കടം
മതിമായം നന്ദ ചെയ്യതന്നൊയോ?
അതിയാതമതായതാകവേ
ബത! നന്നെന്ന നിനച്ചിട്ടന്ന ഞാൻ.

വ്യ൬. മിഴിരണ്ടുമിരിക്കവേയവ-
യ്യൊഴമക്കാഴ്ച്ചയറിഞ്ഞിടാൻ പണി;
മുഴകും ജരവന്ന കാഴ്ച്ചയും
കുഴയുന്നേരമറിഞ്ഞിട്ടന്ന നാം.

വ്യ൭. മതിതന്നിലമന്നിട്ടന്ന മാൽ
മതിയാകാതെയതെന്നപോലെതാൻ
സ്മൃതിയാതമതായിട്ടന്ന മേ
ഗതമാം നമ്മുടെ ബാല്യകാലവും.

വ്യ൮. അരിയും കറിയും കളിച്ച നാം,
പൊരിയും വെയ്‌ലു വൃഥാ കളഞ്ഞിടാം
തിരിയും വിരലൊന്ന മൂക്കിലും
പരമപ്പൊക്കിളിലും തൊടീച്ചുടൻ.

വൃ൫. അവല്വം മലരും പഴങ്ങളും
കവരും പൂട്ടപുരയ്ക്കകത്തു പോയ്
ശിവനായി നിവേദനം കഴി-
ച്ചവ തിന്നും പലക്രൂട്ടകാരുമായ്.

വൃന്ന. ഭരണിക്കെതിരേപ്പു കാണുവാൻ
കരയുന്നോരമെടുത്തു നമ്മളെ
ഭരമേററഥ ഭൃത്യർ കൊണ്ടുപോയ്
വരുമക്കാഴ്ചകൾ കാട്ടമാകവേ.

വൃ൭. തിരുവോണമടുത്തിടുമ്പൊഴേ-
ക്കിരുന്നുറുണ്ടു കളിക്ക ക്രൂട്ടകാർ
ഇരുഭാഗമതായി നിന്നു നാം
പൊരുതും പന്തുകൾകൊണ്ടു നാൾക്ക
(നാൾ

വൃവൃ. തുകിൽകൊണ്ടുമതല്ല നൂലിലും
തുണികൊണ്ടും പലതുണ്ടു പന്തുകൾ
തുടരെത്തുടരെക്കിടച്ചിട്ടും
തുലയും കിട്ടിയതിന്നാടുത്തനാൾ.

വൃൻ. പലവട്ടവുമേററു പട്ടവും
കലരും ലജ്ജ സഹിച്ചിടാതെ നാം
കലഹം തുടരുന്ന ക്രൂട്ടരായ്
ചിലകാലം കലികേറി മൂക്കയാൽ.

൯൦. പൊരുത്തും പുനരൊന്നു ചക്കിണി-
ക്കൊരു പന്ത്രണ്ടു പിടിച്ചുരുട്ടി നാം
തരമില്ലെതിർകൊമ്പു കെട്ടുവാൻ
പരമനോക്കുമവന്നു തൊപ്പിയും.

൯൧. തുടരുന്നഥ ഗോലികൊണ്ടു നാ-
മിടയാനന്നമെഴുന്ന പോരുമായ്;
അടികൊണ്ടു കുഴിക്കരെസ്സുകൈ
കുടയും രാശിയെടുത്തിടാത്തവർ.

൯൨. കുഴിയൊന്നു തുരന്നു കട്ടുറു-
മ്പിഴയുന്നോരമെടുത്തുകൊണ്ടു നാം
കുഴിയാൻ സമയം കുഴിച്ചിട്ടും
കഴിയാഞ്ഞിട്ടു പഠിച്ചുചൊല്ലുവാൻ.

൯൩. ചെറുവള്ളമിറക്കി മെല്ലവേ
കുറുനയ്മ്പും വിരവോടെടുത്തുടൻ
തിറമോടെയിറങ്ങിയാററിലും
ചിറകുംവെച്ചതുപോലെ പാഞ്ഞുപോം.

൯൪. ബഹുദൂരമതിങ്കലാകവേ
മഹിമാവേതിനുമേറിവന്നിട്ടും;
മഹിതന്നുടെ ഭൃത്യനാകിലും
ബഹുമാനം വിധുവിന്നു കൂട്ടമേ.

൮൪. ഉപജീവനമന്നു മേവമാ-
മപി ഭാരം പകുതിക്കു പോരുമേ;
ഉപകാരമതിന്നു ചെയ്യുവാ-
നപരൻ പാരിലൊരുത്തനില്ല മേ.

൮൫. നിയതം പലനാളു ചെല്ലവേ
പ്രിയമെന്നുള്ളതുമങ്ങു മങ്ങിടും;
അയഥാൎത്ഥമിതെന്നു കാട്ടുവാൻ
സ്വയമേ ജീവനമിന്നു ചെയ്തിടാം.

൮൬. തരമില്ല പറന്നു പോകുവാൻ
തരുമാറെങ്കിലുമെങ്കിലോദനം
ഒരു പഞ്ജരബദ്ധയായ് സുഖം
മരുവും പൈങ്കിളി ഗൎഹണീയയാം.

൮൭. കുലചെയ്തിലുമില്ല കുററമി-
ന്നുലകിൽ തോന്നിയവാസമായിടാം,
നിലയീവിധമാന്ന വന്യമാം
കുലവും ജന്തുവതിൻെറ നിന്ദ്യമാം.

൮൮. ഒരുനാളുമൊരുത്തരോടുമായ്
കരുതീടാതൊരടുപ്പുമൊട്ടുമേ
മരുവുന്ന മനുഷ്യർ കാട്ടിലാ-
ന്നരുളും ജന്തുവിനോടു തുല്യരാം.

൧൦൦. പ്രിയമൊന്നിൽ നിനച്ചിതാകിലോ
നിയതം ദുഃഖവുമുണ്ടു പിന്നിലായ്;
അതിനാലതു വേണ്ടയെന്നു താൻ
മതിതന്നിൽ കരുതുന്നിതേ ചിലർ.

൧൦൧. പരിതാപമതിൻ നിദാനമാ-
യ്യരുമെന്നാകിലുമിങ്ങു സൌഹൃദം
വരമെന്നൊരു സംശയം വിനാ
കരുതുന്നു മനതാരിലിന്നു ഞാൻ.

൧൦൨. ക്ഷണനേരമിരുന്നു പാരിലി-
ങ്ങണയുന്നാകിലൊരുത്തനെങ്കിലും
അണുപോലുമഹോ! ഗണിക്കുമോ
ഗുണമാത്മാവിനു വേണമെന്നു താൻ?

൧൦൩. മണമററൊരു പുഷ്പമോക്കിലി-
ന്നണിയുന്നില്ല ശിരസ്സിലാരുമേ;
തൃണതുല്യമതായ ജീവിതം
ചുണകെട്ടാരു ഗണിച്ചിടുന്നിഹ?

൧൦൪. പരിതാപമകന്ന ജീവിതം
പരലോകത്തിലുമില്ലയെങ്കിലോ
മരണംവരമെന്നതിന്നുതാ-
നൊരു ലേശം പുനരില്ല സംശയം.

൧൦൫. അഥവാ, മരണത്തിനപ്പുറം
കഥയൊന്നും നഹിയെന്നു വന്നിടാം;
കഥയ പ്രിയ! നീ കഥം പുന-
ർവ്യഥയേകുന്നു മനസ്സിലിപ്പൊഴും?

൧൦൬. ഒരു നാണയമായ് നഗുവല്ലുവും
ലരികില്ലച്ച പതിച്ചിടായ്കിലോ;
പരമേശ്വരശ്ശൂന്യതത്ത്വവും
കരുതീടാ മതമായൊരുത്തനും.

൧൦൭. ഋതുശാന്തി കഴിഞ്ഞു നാരിയാൾ
ഗതയാകുന്നു വരന്റെ മന്ദിരം;
അതുപോലെ മമാപി തോഴനും
മൃതിയാർന്നു ത്രിദിവം ഗമിച്ചിതോ?

൧൦൮. മകൾ വിട്ടു പിരിഞ്ഞു പോകവേ
യകമേ കേണിടുമച്ഛനമ്മമാർ;
തകരാറതുകൊണ്ടു വന്നിടാ
സകലം മംഗളമായ് ഭവിച്ചിടും.

൧൦൯. കണവന്നിണയായിരിക്കവേ
തുണചെയ്തീടുമവൾക്കുമീശ്വരൻ,
ഗുണമാർന്ന തനൂജരുത്ഭവി-
ച്ചുണയും വംശമനശ്വരം യശഃ.

൧൧൦. ജഗദീശ്വരസന്നിധിം ഭവാ-
നഗമൽ കിന്നു തഥാ സുഹൃന്മണേ!
ദ്വിഗുണം ഗുണമിനാനശ്വരം
ഭഗവൽപ്രേരണയാൽ പണിഞ്ഞിടാൻ?

൧൧൧. ഇതിലൊന്നു കളിച്ചു പോയി ഞാ-
നതിയായിന്നതിനില്ല സംശയം;
കഥമെന്നുരചെയ്കിൽ, നാരിയാ-
ളഥ നാലാറു കഴിഞ്ഞു വത്സരം,

൧൧൨. തിരികെ സ്വഗൃഹത്തിൽ വന്നു ചേ-
ന്നരുളും തന്റെ സുഖങ്ങളൊക്കെയും;
ഇരുളാകെയകന്നു വീട്ടുകാ-
രുരുളും മോദസമുദ്രവീചിയിൽ (യുഗ്മകം)

൧൧൩. അവളോടൊരുമിച്ചു മക്കളും
നവപൂഞ്ചേലയുടുത്തു വന്നിടും
കവരുന്നവരപ്പൊഴന്നമാ-
ക്കവശേഷിച്ചൊരു ദുഃഖമാകവേ.

൧൧൪. അതുപോലെ തിരിച്ചു വന്നിടാ
മൃതനായുള്ളൊരു തോഴനിന്നു മേ;
ഇഹലോകമെനിക്കിരിപ്പിടം
മഹിതം സ്വർഗ്ഗസുഖം പ്രിയന്നുമായ്.

൧൧൩. മൃതിയെന്നതു ദീൎഘനിദ്രയായ്
മതിമാന്മാരുരചെയ്തിട്ടുന്നു മേ;
കൊതി കാട്ടുവതിന്നു തന്നെയോ
പതിവായിട്ടു വരുന്നു നിദ്രയും?

൧൧൪. മനുജൎക്കു വളൎച്ച് നാൾക്കുനാൾ
മനതാരിന്നു വരുന്നുവെങ്കിലും
മറവാൻമരുന്നു മാനസേ
മുറയായിട്ടുകഴിഞ്ഞതൊക്കെയും.

൧൧൫. സുരലോകസുഖം ലഭിക്കവേ
നരലോകത്തിൽ നടന്നതൊക്കെയും
സ്മരണം വരുമെങ്കിലന്നു ഞാ-
നറികത്തുണ്ടറികെൻെറ തോഴരേ!

൧൧൬. പ്രസവിച്ചു നിലത്തു വാഴമ-
ള്ളിശ്ശുവിന്നല്പവുമില്ലയെങ്കിലും
അറിവായിവരുംക്രമത്തിന-
ങ്ങുളവാകുന്നാഹമെന്നബോധവും.

൧൧൭. വളരുന്നിതിന്നോടുകൂടത്തും
വളരുന്നു വളമേറവു മെല്ലവേ;
ഉളവാമതിന്നോടു കൂടവേ
തെളിവായ് തന്നുടെ നിസ്സാഹയതാ.

൧൩൦. നിലവിട്ടു നടന്ന ശൈശവം
മുഴുവൻ ദുർജ്ജനമെന്ന പേരുമായ്
മരുവീടിന മർത്ത്യനെത്ര പേർ
ഗുണവാനായിട്ടുമച്ഛനാകവേ!

൧൩൧. കളവന്നു കിളുത്തതിന്നു മേൽ
വിളവുണ്ടാ,മതുപോലെ ശൈശവേ
വിളയാടി നടന്നിട്ടുന്നവൻ
വളരുമ്പോൾ സുജനത്വമാർന്നിടും.

൧൩൨. ശരിതന്നെയിതെന്നിരിക്കിലും
ചെറുപത്ഥ്യന്നുപദേശരൂപമായ്
പരമാരെ,രിയുന്ന വഹ്നിയിൽ
ചൊരിയും നെയ്യുകണക്കു, നൽകിടും?

൧൩൩. അഖിലേശ്വരനേകി മർത്ത്യനായ്
സുഖവും ദുഃഖവുമൊന്നുപോലവേ;
നിഖിലാസുഖമെങ്കിലും നൂണാം
സുഖമായ് പർയ്യവസിച്ചിടും ദൃഢം.

൧൩൪ ഭഗവാനണുപോലുമേ വൃഥാ
ഭുവനേസ്സിൻ നന്നു സൃഷ്ടിചെയ്തിടാ;
ഭവമാം ഭവനത്തിലത്ഭുതം
ഭവതി സ്വല്പവ്യമൂനമായ് നഹി.

൧൨൫. ചമയുന്ന ഘനത്ത്വവും ക്രമാൽ
കഴിയുമ്പോൾ ദിനമൊട്ടു വേനലായ്;
നിശയും സ്വയമേ നശിച്ചുടൻ
ശരിയായിട്ടുയരുന്നു സൂൎയ്യനും;

൧൨൬. അതുപോലെ ശുഭേതരങ്ങളും
പലനാൾ ചെന്നിടവേ ശുഭങ്ങളാം;
ഇതിബോധമുദിച്ചിടുന്നു മേ
മതിയിൽ, കഃ പുനരിന്നു ഞാനഹോ!

൧൨൭. വലുതായ വനത്തിലേകനായ്
നിലവിട്ടിട്ടുഴലുന്ന ബാലിശൻ;
ബലമൊന്നിലുമില്ല കേവലം
വലയുമ്പോളിഹ രോദനം വിനാ.

൧൨൮. മരണം മനുജന്നു വന്നിടാം
പരമാത്മാവിനു വന്നിടാ ലയം;
കരുതുന്നിതി ബോധമിന്നു ഞാൻ;
പരമാൎക്കാണറിവുള്ളു വാസ്തവം?

൧൨൯. വളരെക്കുരുവിന്നു പാകിയാൽ
മുളവെച്ചീട്ടുമൊരോന്നിടയ്ക്കിടെ,
വളരും ചിലതങ്ങവറ്റയിൽ,
വളമേറവും ചിലതങ്ങു ചീഞ്ഞുപോം.

൧൩൦. കിമു ജാതിയെ മാത്രമീശ്വരൻ
കരുതുന്നോ ഗണനീയകോടിയിൽ?
കൃമ വന്നിട്ട മിന്നു ജാതിയും
കഥയ വ്യക്തികളേ വെടിഞ്ഞിഹ?

൧൩൧. തരമില്ലതുമിന്നു ചൊല്ലുവാൻ,
കഥമെന്നാകില,നേകജാതികൾ
ഭുവമാന്തു ചിരായ വാണതിൽ
പരമൊന്നോടെ നശിച്ചതില്ലയോ?

൧൩൨. പണിചെയ്യൊരുനാളടുത്ത നാൾ
ഗണിയാതങ്ങതു സംഹരിക്കുകിൽ
അണുപോലുമണഞ്ഞിടുന്നതോ
ഗുണമീ ലോകനിവാസികൾക്കഹോ;

൧൩൩. വിളയാട്ടുകളാണു പൃച്ഛകൾ-
ക്കൊ,ലികൾക്കോ പുനരങ്ങു യാതനാ;
കലചെയ്യുലകിങ്കലീശ്വരൻ
കളിയാടുന്നതു നന്നുതന്നെയോ?

൧൩൪. ശരിയായൊരു തയ്യു നട്ടു മേ-
ലുരമിട്ടങ്ങു വളർത്തി മെല്ലവേ
കരവാളമെടുത്തതാരുവാ-
നരിയുന്നൂ വിഷവൃക്ഷമാകിലും?

൱൰൪. അഥവാ വ്യഥയീവിധം വൃഥാ
കഥനംചെയ്യുതു മൌഢ്യമല്ലയോ?
കഥമിന്നജരാമരത്വവും
പൃഥിവീജാതനു വന്നിടാമഹോ!

൱൰൫. വ്യസനിച്ചതുകൊണ്ടൊരിക്കലും
വരികില്ലാ പ്രിയനെന്നിരിക്കിലും
മനതാരിലവന്റെ നേക്കുഴം
മമതയ്ക്കൊത്തുമതില്ല വാട്ടവും.

൱൰൬. സ്ഥിതിക്കൂട്ടതലുള്ളൊരുത്തനെ-
പ്പതിയായിട്ടു വരാൻ കൊതിച്ചിട്ടും
ഗതികെട്ടൊരു പെൺകിടാവുതൻ-
മതിപോലേ മനതാരുമായി മേ.

൱൰൭. തരമില്ലവളോടൊരിക്കലും
കരുതീടാനനുരാഗമൊട്ടുമേ;
അറിവുണ്ടിതവൾക്കുമെങ്കിലും
കുറയാ സ്നേഹമവന്റെ നേർക്കഹോ!

൱൰൮. ഒരുപോലെയവസ്ഥയുള്ളപേ-
രൊരുമിച്ചങ്ങവരല്ലസിച്ചിട്ടും;
അറിയുന്നു തലേലെഴുത്തു തൻ-
കുറവപ്പോളതി ദുഃഖമോടവർ.

൧൪൦. പ്രിയനാമവനാരെയെങ്കിലും
പ്രിയമുൾക്കൊണ്ടു നടിച്ചുവെങ്കിലോ
അവരോടവകാശമെന്നിയേ-
യവളീർഷ്യാകലഹം തുടങ്ങിടും.

൧൪൧. ഒരുകാരണമില്ലയെങ്കിലും
വരുമെന്തെന്നറിയാതെയേതിലും
പരിതാപവുമൊട്ടസൂയയും
വിരവോടെന്നുമവൾക്കു ചേതസി.

൧൪൨. ഉലകാകെയവൾക്കു ശൂന്യമായ്
നിലകൊണ്ടീടു,മതല്ല, നേരവും
തുലയാതെ തുലോം വലഞ്ഞു താൻ
ഫലമില്ലാതെ നയിച്ചിടും ഗൃഹേ.

൧൪൩. 'പ്രിയനിന്നു വരും നിനക്കയേ!
ഭയമേതും കരുതേണ്ട'യീവിധം
അയലിൽ കുടികൊണ്ടിടുന്നവർ
നയമായ് വന്നു ഹസിച്ചിടും ചിലർ.

൧൪൪. പകലൊക്കെയിവണ്ണമായിടും
പരിഹാസങ്ങൾ സഹിച്ചു രാത്രിയിൽ
പരിതാപമപാരമായഹോ!
പൊരിയുംനാരിയൊടൊപ്പമായി ഞാൻ.

൱൪൨. മലസ്സും വയലും കലന്നിട്ടം
ചില കുഗ്രാമമടുത്തു പാൎത്തിട്ടം
പലയേഴയിലങ്ങൊരുത്തനാ-
യുലകിൽ വന്നു പിറന്നതിന്നു മേൽ;

൱൪൩. അതിഭാഗ്യമിയന്നു നീചയാം
സ്ഥിതിയേ വിട്ടു യദൃച്ഛയാ പരം
മതിമാനവനേകനായ് ബലാൽ
വിധിയോടങ്ങടൎ പോരിട്ടനാഹോ!

൱൪൪. സ്വച ഭാഗ്യപയോധിവീചിയിൽ
പ്രചുരപ്രാഭവമോട്ടയന്നിട്ടം;
അചിരേണയിളാമണാളനും
സചിവത്വം പുനരങ്ങു നൽകിട്ടം.

൱൪൫. മലയൊന്നിളകുന്നുവെങ്കിലും
ചലിയാതുള്ളൊരു ധൈൎയ്യമോടവൻ
വലുതായൊരു കാൎയ്യമേതുമേ
സുലഭം നേടുമതീവ നീതിമാൻ.

൱൪൬. വിട വാങ്ങി നടന്നുകൊള്ളുവാൻ
പടുകേമത്തമെഴുന്നയാളുകൾ
പടപോലെ നിരന്നു നിന്നിട്ടം
പടിവാതുക്കലവന്റെ മന്ദിരേ.

൧൬൦. ഇതിമാന്യജനാഗ്രഗണ്യനാ-
യതിസൌഭാഗ്യമിയന്നിരിക്കവേ
മതിയിൽ ചിലവേള പണ്ടവൻ
പതിവായ് കണ്ടതുമോക്കകില്ലയോ?

൧൬൧. അമരാവതിയാന്റ സൌഖ്യമാ-
യമരുമ്പോളതുപോലെയെന്നെയും
മമ തോഴനമല്പമായിട്ടം
സമയത്തിങ്കലുമോക്കകില്ലയോ?

൧൬൨. മുടിതൊട്ടടിയോളമൊട്ടുമേ
തടിയില്ലാത്തൊരു പോട്ടവൃക്ഷവും
പടരും ചിലവേള പൂക്കമൊ-
ട്ടിടകാണാതെയുമങ്ങു കായ്ച്ചിട്ടം.

൧൬൩. അകതാരിലെനിക്കതേവിധം
ശകലം സത്വവുമില്ലയെങ്കിലും
പകരുന്നു പലേ തരത്തിലും
വകമാറീട്ടു രസങ്ങൾ നാൾക്കനാൾ.

൧൬൪. അതുകൊണ്ടയി! തോഴ! നിന്നുടേ
മതിയിൽ ചേരരുതന്യഥാഗ്രഹം
ഗതികെട്ട തലയ്ക്കു പിച്ചു പൂ-
ണ്ടതിരററിന്നിവനുല്ലസിക്കവേ.

൱൫൫. കഴിയുന്നതുമക്കഴിഞ്ഞതും
കഴയാതേ മിഴികൾക്കു നിന്നുടേ
നിഴലിച്ചൊരുപോലെയേകമായ്
വഴിപോലേ വിലസുന്നു മുമ്പിലായ്.

൱൫൬. മൃതിതന്നുടെ സോദരങ്ങളാം
മതിതൻമാററമുറക്കമോന്ധ്യവും
മതിയാകുമതെങ്കിലൊന്നുചേ-
ന്തകട്ടേ മൃതിയെന്നപോലെ മേ.

൱൫൭. ഒരുനാളരുവിക്കടുത്തു പി-
ന്നൊരുനാളാററുകരയ്ക്കു കൂടിയും
മറുനാൾ മലതൻെറ ചാഞ്ഞിലും
തിരയും കണ്ടു കടൽപുറത്തുമായ്,

൱൫൮. പരിതോഷമിയന്നു പണ്ടുനാ-
മിരുപേരും നടകൊണ്ട ദിക്കുകൾ
മരവിച്ചതുപോലെയെന്നുടേ
മരുവുന്നു മിഴികൾക്കു സവ്വും.

൱൫൯. ഘനകാലമലങ്കരിച്ചിടും
ദിനമേ! നിൻെറ മുഖത്തിലെന്നുടേ
വദനത്തിലെഴുന്ന പോലെതാൻ
കദനം വന്നതിനെന്തു കാരണം?

൧൩൦. പരിതാപമസഹ്യമാകവേ
മറവാകുന്നു തവ പ്രസാദവും,
കരയുന്നു പരം ഘനങ്ങളാം
തിരകൾക്കുള്ളിൽ മറഞ്ഞിരുന്നു നീ.

൧൩൧. വലുതായൊരു തെങ്ങുമരങ്ങൾത-
ന്നിലയാകും തലയും വിരിച്ചു നീ
മലതൻ ഗുഹയാന്നവാത്യയായ്
വിലപിക്കുന്നതിദീർഘമായഹോ!

൧൩൨. ഉലകിന്നതിരില്ല, പാക്കിലോ
പലതും പണ്ടു നടന്നു തീൻ, മേൽ
മലപോലെ നടക്കവേണ്ടതും
ചിലതങ്ങുണ്ടു നടന്നിടുന്നതും.

൧൩൩. വിരുതും പെരുതായ നേരമ-
ങ്ങൊരുപോലുണ്ടു നിനക്കതെങ്കിലും
നരനൊന്നു മരിച്ചുപോകയാൽ
വരുമോ ശൂന്യമൊരിക്കലും ഭുവി?

൧൩൪. മഴ വീണു കഴിഞ്ഞിടുമ്പൊഴ-
ക്കുഴിയിൽനിന്നുയരുന്നൊരീച്ചപോൽ
പുഴുവിനൊതിരാം നരന്നഹോ!
കഴിവുണ്ടോ ഭുവിയെന്തിനെങ്കിലും?

൧൫൪. ചെറുതായൊരു ചുണ്ടെലിക്കഹോ!
തിറമുണ്ടായി മൃഗേന്ദ്രനേകുവാൻ
വലുതായ സഹായ,മെന്നപോ-
ലുലകിൽ കീടവുമേകുമേ ബലം.

൧൫൫. മമ തോഴനിരുന്നുവെങ്കിലോ
സുമനോവൃന്ദമതിന്നു മുമ്പനാം;
ഭ്രമരങ്ങൾകണക്കു മററുപേർ
ഭ്രമമാന്നീടുമതായിരുന്നഹോ!

൧൫൬. പഴിചൊല്ലുകയില്ല ഞാൻ വൃഥാ
വഴിപോലേ മൃതിവന്നുവെങ്കിലോ;
തടവില്ല വിധിച്ച പാതയിൽ
നടകൊണ്ടീടണമിന്നു സവ്വം.

൧൫൭. പരിതാപമിയന്നതീതമാ-
യൊരുകാൎയ്യത്തെ നിനച്ചു നാമഹോ!
മരുവീട്ടൊരു കാൎയ്യസാദ്ധ്യവും
വരുവാനില്ലൊരുനാളുമേതുമേ.

൧൫൮. തിരിയൊന്നു കരത്തിലാൻറു പോ-
മൊരുവൻതന്നുടെ പിന്നിലാസ്സുരം
ഇരുളെന്നതുപോലെ സവ്വം
മരുവുന്നു മറവായ് കഴിഞ്ഞതും.

൮൦. ഒരുവനാഥ കീൎത്തിയെത്രതാൻ
പെരുകുന്നാകിലുമിന്നനന്തമായ്
ഒഴുകുന്നൊരു കാലരൂപമാം
പുഴതന്നുക്കു തട്ടത്തു നില്ക്കുമോ?

൮൧. കുസുമങ്ങളിണച്ചു കെട്ടിയോ-
രസലാം മാല ചുരുട്ടിവെച്ചപോൽ
സ്വകമായൊരു കീൎത്തിയൊക്കവേ
യകമേ വെച്ചു മറച്ചു കിംഫലം?

൮൨. ശവമേകമെടുത്തു നോക്കവേ
നവമായ് ഛായകൾ തോന്നുമെന്നപോ
ഗുണജാലമഹോ! മഹാത്മനാം (ൽ
ഗണനയാമോവയമിന്നു നിന്നുടെ.

൮൩. ഒരു സോദരനുള്ളതിൽ പരം
മരുവീ സ്നേഹമിയന്നു തമ്മിൽ നാം;
ഒരുപോലെയൊരച്ചിലിട്ടനാ-
മിരുപേരേയുമയച്ചിതോ വിധി?

൮൪. മലയും വയലും വനങ്ങളും
മനതാരിന്നൊരുപോലെ നമ്മുടേ
മുദമേകി, മദിച്ചൊഴുകുമായ്
മറവാനിടമതായ ചോലയും;

൱൬. പുലരുമ്പോഴതീവ ശീതമായ്
നലമോട്ടതിന മന്ദമാരുതൻ
ഒളിവിൽ ചിലവേള നമ്മളോ-
ട്ടലകിൻഭംഗികളോതി മെല്ലവേ;

൱൭. പരദേവതയെബ്ഭജിച്ചു നാ-
മൊരുപോലേ പുലരുന്ന വേളയിൽ
ഒരുമിച്ചൊരു പുസ്തകത്തിൽനി-
ന്നിരുപേർ നമ്മൾ പഠിച്ച പാഠവും;

൱൮. കുറവേതിലുമെനിക്കതിങ്കല-
ങ്ങറിവേററം പ്രിയനന്നുദിക്കയാൽ
നിറവേററിരുപേരുമേതിലും
തിറമോടങ്ങു നയിച്ച നാളുകൾ.

൱൯. മരണം പ്രിയനേ വെടിഞ്ഞു മാ-
മിരയായാക്കിയിരുന്നുവെങ്കിലോ
അരനാഴിക പോലുമിന്നവൻ
കരയാതേ വരികില്ല നിർണ്ണയം.

൱൰. ഹൃദയം പിളരുന്നവാറെഴും
കദനം പൂണ്ടയിതോഴ! നീ തദാ
ഹൃദയംഗമയായ വാക്കുകൊ-
ണ്ടുദയത്തക്കതി നമിക്കുമീശ്വരം

൧൱൦. ഗതികെട്ടവനായ് കിടന്നുമാം
സ്തുതി കേട്ടിട്ടഥ തുഷ്ടനീശ്വരൻ
ഗതകല്മഷനാക്കിയേകിടും
പതിവായ് നാകമതിങ്കലാലയം.

൧൱൧. പ്രിയമങ്ങവനോടു മുമ്പിലേ
സ്വയമായ്ത്തന്നെ മുളച്ചു,സത്വരം
ഭയമെന്ന്യെ വളൎന്നു നാൾക്കുനാ
ളു,യരംവന്നു, തളൎത്തു ഭംഗിയായ്,

൧൱൨. മുകുളങ്ങൾ കരുത്തു കോമളം
മുകളിൽനിന്നടിയോളമൊന്നുപോൽ,
വികസിച്ചചിരേണ ചെററു നാ-
ളകതാരിന്നു സുഗന്ധമേകി മേ,

൧൱൩. തകരാറു വരില്ലൊരിക്കലും
ശകലം പോലുമിനിപ്ഫലത്തിന്നു,
അകതാരിലുറച്ചിവണ്ണമായ്
മകരന്ദത്തെ നുകൎന്നു നിത്യമായ്;

൧൱൪. ഹതദൈവതചേഷ്ടയീവിധം
ചതി ചെയ്തീട്ടുമതെന്നൊരിക്കലും
മതിയിൽ കരുതീല ഞാനഹോ!
മതിമാനും ചില തെററു പററിടും.

൧൮൫. അതുകൊണ്ടു വൃഥാ പരാതികൾ
മൃതിയെപ്പററിയുരയ്ക്ക,യില്ല ഞാൻ;
അതിനും കഴിയാ ചലിച്ചിടാൻ
വിധിസങ്കല്പിതപാതവിട്ടഹോ!

൧൮൬. മുഖമൊന്നു വിളർത്തുപോയതും
നഖമൊന്നാകെ മുറിഞ്ഞുപോയതും
ശിഖയങ്ങു പൊഴിഞ്ഞുപോയതും
സഖിതയ്ക്കു,ന്നുടെ വാട്ടമേകിടാ.

൧൮൭. മൃതിപൂണ്ടഥവാ ഭയങ്കരം
സ്ഥിതിയും രൂപവുമാർന്നധസ്ഥലേ
കൃമിയോടൊരുമിച്ചു വാഴ്കിലും
മമ തോഴൻ മമ തോഴനൊന്നുപോൽ.

൧൮൮. ഒരുനാൾ പുഴുവിൻെറ രൂപമാം,
മറുനാൾ മുട്ടയതായ് വിളങ്ങിടും,
ചിറകാർന്നഥ കൊച്ചു പക്ഷിയായ്
മറുനാളങ്ങു പറന്നു വന്നിടും,

൧൮൯. ഒരു കൂടതുപോലെ വിട്ടുമ-
റെറാരു കൂടേറിടുമിന്നു ജീവനും;
പരിണാമമിവണ്ണമേതിനും
വരുമെന്നുള്ളതു ലോകതന്ത്രമാം.

൧൯൦. സുകൃതം പുനരൂഴിതന്നിൽനി-
നാകലത്താക്കിയതും നിനയ്ക്കിലേ്ലാ,
വകവെച്ചിട്ടുവാൻ നിദാനമാ-
യകതാരിൽ കരുതുന്നതില്ല ഞാൻ.

൧൯൧. വിളവേറിവരുന്നിരട്ടിയായ്
വളരും ഞാറു പറിച്ചു നാട്ടിയാൽ;
വളരും സുകൃതം തദൈവതാ-
നിളയിൽനിന്നു ദിവം ഗമിക്കവേ.

൧൯൨. മമ തോഴനു നല്കി നാകവും
മമ വാസത്തിനു പിന്നെയൂഴിയും,
പിണയിച്ചു പിരിച്ചതൊന്നിനേ
പഴിചൊല്ലീടുകയുള്ളു കാലനെ.

൧൯൩. കലയൊന്നു വളൎന്നു നാല്ക്കുനാൾ
വലുതാകുന്ന ശശിക്കു തുല്യനായ്
വിലസീടുമതായിരുന്നു നീ
യുലകിൽ ജീവനൊടാൻവെങ്കിലോ.

൧൯൪. കബളീകൃതമാക്കി വിദ്യയും
വിബുധശ്രേഷ്ഠത പൂണ്ട മൎത്ത്യരേ
അബലാജനതയ്ക്കു തുല്യമായ്
കബളിപ്പിക്കുമതായിരുന്നു നീ.

൧൱൫. പരിതഃ പരിചോട്ട വന്നുചേ-
ന്നരുളും ലോകഗണത്തിനൊക്കെയും
ഇരുളാകെയകററിയേററവും
പരിതോഷം ചൊരിയുന്ന സൂൎയ്യനായ്,

൧൱൬. പ്രതിവാസരമങ്ങുദിച്ചു നീ
സ്ഥിതിയുള്ളച്ചെസ്തരയാന്നിരിക്കവേ
മതിനേർമുഖിയിൽ പതിച്ചിട്ട-
ന്നതിതെജസ്സചിരേണ നിന്നുടേ.

൧൱൭. വിബുധേഷു വിഭൂതമാൻ നീ
വഴിപോലേ വിലസീടവേ തദാ
വിവിധം കളിയാണ്ടു വന്നുടൻ
വളയും നിന്നുടെ ബാലരൊക്കവേ.

൧൱൮. പുതുതായ് വികസിച്ച താമര-
യ്യെതിരായുള്ള തദീയമാനനം
പ്രതിബിംബിതമാക്കിടും പരം
ഹൃദയാംഭോരുഹനിൎമ്മലപ്രഭാം.

൧൱൯. വിളയാടി നടന്നു കൊള്ളു വാ-
നിളയാകും കളിരംഗമാത്മഭൂഃ
ളുളവാക്കിയിതെന്നു തോന്നുമാ-
റളവില്ലാതവർ ലീല പൂണ്ടിടും.

൨൦൦. അവരോടൊരുമിച്ചിരിക്കവേ
നവമായ് ശൈശവമങ്ങു വന്നപോൽ
ഭവനത്തെ വലത്തു വെച്ചിടും
ശിവനേ! കേളികളാണു നമ്മളും.

൨൦൧. ഒരുവൻ പുനരങ്ങു പോയുടൻ
പുരമാടോടു പൊളിച്ചൊരമ്പലം
ശരിയായ് പണിചെയ്തു കൂട്ടരേ
പരിതോഷേണ വിളിച്ചു ചേർത്തിടും.

൨൦൨. ചെറുപയ്യനതാം സഹോദരൻ
തിറമോടങ്ങറിയാതെ മറ്റുപേർ
തിരയുന്നൊരു ശർക്കരക്കുടം
പുരയിൽ കേറി മറഞ്ഞു നിന്നാടൻ.

൨൦൩. പടുവാമൊരുവൻ പുരന്ദ്യമായ്
പടവെട്ടീടുമുടൻ സഖാക്കളായ്;
വിടുവായനൊരുത്തനങ്ങുടൻ
മടികൂടാതൊരു പാട്ടു പാടിടും;

൨൦൪. ചെറുപൈതലു പിച്ചനിന്നുടൻ
പറയും കൊഞ്ചലയൊടങ്ങു വാക്കുകൾ;
തറയിൽ പുനരങ്ങുരുണ്ടിടും
തിറമില്ലാതെ നടന്നു പോകുവാൻ;

൧൦൫. പലമാതിരി ലീലയീവിധം
നലമോടങ്ങഥ കണ്ടിരിക്കവേ
തല പോകുമതെന്ന കാൎയ്യവും
വില വെക്കാതെ കളഞ്ഞിടുന്നു നാം.

൧൦൬. പല കേളികളാടിയീവിധം
കലരും ബാലകവൃന്ദമോടു നീ
വിലസുമ്പൊഴുതുണ്മകാരനായ്
വഴിവേ കേറിവരും ഗൃഹത്തിൽ ഞാൻ.

൧൦൭. മടിയിൽ തവ ബാലരൊക്കവേ
മടി കൂടാതെ കരേറിയെന്നുടേ
വെടിയങ്ങു പലേതരത്തിലും
ചൊടിയോടേ പറയാൻ തുടങ്ങിടും.

൧൦൮. പല നാളിതുമാതിരിക്ക നീ
കുലകൂടസ്ഥനതായിരിക്കവേ
മരുമക്കളിലും പകൎന്നിടും
പെരുതാം നിന്നുടെ ബുദ്ധിവൈഭവം.

൧൦൯. ഉലകാകെ നിറഞ്ഞു മേല്ക്കുമേൽ
വലുതാകുന്ന യശോഭരം സഖേ!
വിലസും തവ ഗണ്ഡമണ്ഡലേ
പലിതവ്യാജമിയന്നു വന്നുടൻ.

൨൧൦. ഉദയാദ്രിശിരസ്സിലങ്ങിരു-
ട്ടുദയശ്രീ കലരുന്ന വേളയിൽ
വിളറുന്നവിധം കുടുമ്മയും
വിലസും വെണ്മ കലൎന്നു നിന്നുടേ.

൨൧൧. തലയാകെ നരച്ചു വൃദ്ധിയായ്
ബലമെല്ലാം വടിമേലുമാക്കി നീ
നടകൊൾവതു കാണുവാൻ മിഴി-
ക്കിടയാകാഞ്ഞതു ഭാഗ്യഹീനതാ.

൨൧൨. കഴിയാത്തതിന്നേ കിനാവിൽ ഞാൻ
മിഴിയിൽ കണ്ടതിന്നേ കിടക്കുവാൻ
തുഴയുന്നതു തോഴനെന്റെമേൽ
പഴി ചൊല്ലുന്നതിനായി മാത്രമാം.

൨൧൩. മതിമാനപി നിന്റെ വാക്കുകേ-
ട്ടതിയായിട്ടു മിരണ്ടുപോയിടും;
ചതി ചെയ്യുതിനെണ്ണി വന്നവൻ
പതറിസ്സത്യമുരച്ചിടും ക്ഷണം.

൨൧൪. പല വിദ്യയിലും വിദഗ്ദ്ധരായ്
കുലകൊമ്പത്തമെഴുന്ന വൃദ്ധരും
തലയാട്ടി രസിച്ചു കേട്ടിടും
ഫലിതം ചേൎന്നൊരു നിന്റെ ഭാഷണം.

വ. ൫൩. നരിയൊന്നു കരഞ്ഞിടുമ്പൊഴ-
ങ്ങുറിയിൽ കേറി മറഞ്ഞിടുന്നവൻ
ഒരുനാൾ തവ മുന്നിൽ വാഴവേ
മരണത്തേയുമഹോ! ഭയപ്പെടാ.

വ. ൫൪. കരിനാക്കിനുമൂകനഷ്ടമാ-
മിരുനാവങ്ങു വരണ്ടുപോയിട്ടും;
വരികീറിയ കള്ളനും പരം
കരളിന്നുള്ളിൽ വരും കുഴപ്പവും.

വ. ൫൫ തവ വൈഭവമേവമേതിലും
നവമോരോന്നരികത്തിരുന്നു ഞാൻ
അവലോകനമങ്ങു ചെയ്കവേ
ഭുവിയാരുണ്ടിതുപോലെ ഭാഗ്യവാൻ?

വ. ൫൬ കുടിലിൽ കുടികൊണ്ടിരിക്കിലും
പൊടിപൂരം സദനത്തിൽ വാഴ്കിലും
കുടിലൻെറ മനസ്സിലൊട്ടുമേ
കുടിലത്വം വിടുകില്ല നിണ്ണയം.

വ. ൫൭ മുടിമേൽ മകുടം ധരിച്ചുകം-
പടിയും കൂട്ടി നടന്നുവെങ്കിലും
കുടിലൻെറ മുഖത്തു ചായമ-
ങ്ങുടനേതന്നെ വെളുത്തുപോം ദൃഢം.

൧൧൦ മതിയിൽ പതിയാതിരുന്നിട്ട-
നാതിനെപ്പിന്നെ മനുഷ്യനെത്ര നാൾ
പതിവായ് വെളിയിൽ ജനങ്ങളേ
ചതിയായ് കാട്ടി മയക്കിടാമഹോ!

൧൧൧ അകമേ നിനവൊന്നിരിക്കിലും
പുറമേ മറെറാരു മട്ടു കാട്ടിടും
ഇതി മേനിയിരണ്ടൊരിക്കലും
നഹി മേ സ്നേഹിതനല്പമെങ്കിലും.

൧൧൨. ഒരുനാളുമൊരല്പബുദ്ധിയും,
പരനോടിഷ്യകൾ, ദുർവിചാരവും
പരിശുദ്ധമതായ മാനസേ
തിരനോട്ടത്തിനടുത്തതില്ലഹോ!

൧൧൩. പുരുഷോയമിതി പ്രസിദ്ധയാം
പദവിക്കന്നവനേവമർഹനായ്;
പല മൂഢജനം വഹിച്ചതിൻ
പൊരുളെല്ലാം പതിരായിടുന്നിഹ.

൧൧൪. വലുതായ ഭവാൻെറ വൈഭവം
മലപോലങ്ങു മുതിർന്നു നില്ക്കവേ
പല ചില്ലറ വൈഭവങ്ങളേ
വിലവെക്കാതെ കളഞ്ഞിടുന്നു ഞാൻ.

൧൧൫. പരിചോടു ഭവാന്റെ സൃഷ്ടിയിൽ
പരമേഷ്ഠി പരിശിഷ്ടമെന്നിയേ
ഒരുപോലെയുരച്ചുചേർത്തുതാൻ
കരുവുണ്ടാക്കി ഗുണങ്ങൾകൊണ്ടഹോ!

൧൧൬. അറിവേറുമിരട്ടിയല്ലലാൽ
പറയുന്നോവമറിഞ്ഞയാളുകൾ
മറിമായമിതെന്തു തോഴരേ!
പിറകേ പോയറിവേറെ നിന്നുടേ?

൧൧൭. അറിവേറിവരാനൊരാഗ്രഹം
കരുതീടാത്തവനാരുവാൻ ഭുവി?
വരവാണി വരാൻ വരിച്ചിടാ-
ത്തൊരു വീരൻ വരികില്ല നിർണ്ണയം.

൧൧൮. ശമമാർന്നവരററ സംപദാ
വിളയാടുമ്പൊഴുതേതു വീരനും
കളവല്ല തദീയമായ് മന-
സ്സിളകിപ്പോം പരചിന്ത വിട്ടഹോ!

൧൧൯. ജഗതാമിവൾ മോഹിനി പുന-
ർവിഗതജ്ഞാനയതായിരിക്കിലോ
മൃഗതൃഷ്ണികപോലെയായിടും
ഭഗവത്തത്വപഗവേഷകന്നഹോ!

൨൩൦. അധികാരമിവൎക്കു നേട്ടവാ-
നധികം മോഹമിയന്നഗാധമാം
വിധികല്പിതവും കടന്നിടാൻ
വിധമേതും തുടരുന്നു മാനുഷൻ.

൨൩൧. അവനോന്നുവിധിച്ച പാതയെ
കവിയുന്നോൎന്നു വിനാശമാം ഫലം;
അവനുള്ളതുമങ്ങു പോയിട്ടും
കവരാൻ പോയതുമൊട്ടു കിട്ടിടാ.

൨൩൨. അതിനാലയി വാണി! വാണിടാൻ
പതിവായ് ജ്ഞാനമതിന്റെ പൈത-
മതിയിൽ കരുതുന്നുവെങ്കിലോ [ലായ്
മതിയോളം ബഹുമാനമാൎന്നിടാം.

൨൩൩. ഭയഭക്തിയുദാരതാദയാ
നയദാക്ഷിണ്യഗുണാദിസംഭൃതം
ഉയരുന്നൊരു പൌരുഷം പരം
പ്രിയനോടങ്ങുടനസ്തമിച്ചുപോയ്

൨൩൪. ഘനകാലമിതാ കഴിച്ചുടൻ
ദിനനാഥൻ ശരദൃതുവിങ്കലായ്
മനമങ്ങു തെളിഞ്ഞൊരന്ധജൈ-
സ്സ്വനഭ്രയിഷ്ഠമതായി ഭൂരുഹം.

൨൱൫. നവനീലനഭസ്ഥലത്തിലീ
നവനീതച്ഛവിയാം പയോധരം
പവനാഹതമോടിടുന്നിതാ
ഭുവനേ കപ്പലിലുള്ള പായപോൽ.

൨൱൬. ഭവനാശനമാം മുരാരിതൻ
തിരുനാമം പതിവായ് ജപിച്ചിതാ
ഭവനാശനകാംക്ഷവിട്ടു വിൺ-
ഭുവനം യാതി പതത്ര ചംക്രമൈഃ.

൨൱൭. ദിനദീപമുയൎത്തി നിൎത്തുവാൻ
കലിതം സ്തംഭമതിൽ കരേറുവാൻ
വിനതാസുതനോതിടുന്നവോ
നവസോപാനപരംപരാമിവ.

൨൱൮. ഇളതാം വെയിലേററു മുററിടും
തളിരാൎന്നുള്ള തരുക്കൾതോറുമായ്
കളിയാടി നടന്നു പാടിടു-
ന്നളിജാലം തെളിവോടെ രാവിലെ.

൨൱൯. കുസുമങ്ങളണിഞ്ഞു വല്ലരീ,
രസമായംഗനമാരുമങ്ങനേ;
അസിതാഭമതാം നഭസ്ഥലോ-
രസി നക്ഷത്രഗണങ്ങളെന്നപോൽ.

൨൪൦. അളിവേണികൾതന്റെ വേണിയിൽ
വിളയാടുമ്പൊഴുതുള്ള കാന്തിയെ
കളവല്ല്യ മറിച്ചു കാട്ടിടു-
ന്നളിമാലാകുലയായ കേതകീ.

൨൪൧. വെറിയാർന്നു കുറഞ്ഞു വാരിയ-
ങ്ങറിയാതാറുകളിൽ ദിനേദിനേ
പെരുതാം പല മോഹമാർന്നിതാ
നരനായുസ്സു കഴിഞ്ഞിടുന്ന പോൽ.

൨൪൨. ദിങ്മുഖങ്ങൾതെളിവാർന്നു കല്മഷമകന്ന
മാനുഷമനസ്സു പോൽ,
ദീനമെന്നിയെ ദിനേശനും ഗുരൂപദേശമ
റ്റനൃപനൊപ്പമായ്,
ദൂരവേ ദിശി പറന്നുപോയുടനഹങ്ക-
രിച്ചു വിഹഗങ്ങളും,
ദേശികന്നുടെയടുക്കൽനിന്നു വിട വാങ്ങി
യോടിന കിടാങ്ങളും.

൨൪൩. പാട്ടുപെട്ടു കൃഷിചെയ്ത പാടമാ-
ർന്നാട്ടമാടുകൾ കിടാക്കളോട്ടമായ്
ചാടിയോടി വിളയാടിയന്തിയിൽ
കൂട്ടമായ് കുടിലിലേറിടുന്നിതാ.

൧൪൪. പേടമാനുമടവീഷു വേടരേ
പേടിയോടടവിലങ്ങു നോക്കിയും
തോടുമാറുമഥ കാടുമൊന്നുപോ-
ലോടിയോടി നടകൊണ്ടിടുന്നിതാ.

൧൪൫. രഹസ്യമുലകിന്നുടേ ചില-
ത്തു ശാസ്ത്രസിദ്ധാന്തമ-
ങ്ങഹമ്മതി മുഴുത്ത മൂഢജ-
നതയ്ക്കു കാട്ടുന്നപോൽ
അഹസ്സു കഴിയുന്ന വേളയി-
രുൾ വന്നു മൂടിടവേ
മഹീതലവിലാസമമ്പിളി
വെളിപ്പെടുത്തുന്നിതാ.

൧൪൬. സുധയധികമതുള്ളിലാക്കി രാവിൽ
മതിയറിയാതെ ചിലച്ചിടും ദ്വിജാനാം
വിധമതു പലവേള കണ്ടുസേവി-
പ്പതിനു മുതിൎന്നിഹ വാരുണീം ച രാജാ.

൧൪൭. പകച്ചിരവൊരുപോലെ
വാൎത്തുവാൎത്തിട്ടു പാരിൽ
മുകിലനവധി നീരങ്ങാ-
ൎന്നിതാ നിഷ്കളത്വം;

സുകൃതികൾമണിയാകും
തോഴരേ! കണ്ണുനീർ വാ-
ൎത്തകതളിരതുപോലേ
മാല്യ നീങ്ങിത്തെളിഞ്ഞു.

വൎവ്വ- പനിമതി പലനാൾകൊണ്ടാൎന്നി-
ട്ടം പൂൎണ്ണഭാവം
ദിനമനു വലുതായിബ്ബാല-
നും കേമനാകും
നിനവനവധി ചെയ്താൽമാത്ര-
മുൾബോധമുണ്ടാം
മനമതിൽ മമ തോഴൻ ഹന്ത!
പെട്ടന്നുയൎന്നു.

വൎൻ. പിരിഞ്ഞു പല നാളിരുന്നു പുനര-
ങ്ങു ചേരുംവിധൌ
വരുന്നു പരിതോഷമുള്ളിലൊരിര-
ട്ടിയായിട്ടുതാൻ
സുരേശ്വരനിവാസമെന്നുടെ വയ-
സ്യനാൎന്നീടിനാൻ
മരിച്ചരികിലെത്തവേ മമ മുദം
വളൎത്തീട്ടുവാൻ.

൨൱൦. കാലവൈഭവമിതോക്കിലെന്തുപറയാവ
തോ? ചെറുവയസ്സിലാ-
ങ്ങോലവാലെയിഹ വേലചെയ്തു വലയു-
മ്പൊളാരുമതറിഞ്ഞിടാ
നീളെനാളു ലയമെന്നിയേയുലകതൻബ
ലത്തെ നിലനിൎത്തുവാൻ
മൂലമായി മരുവുന്ന സൌഹൃദമതീവ
നേരുമിവ രണ്ടുമേ.

൨൱൧. സാക്ഷാൽ തേജോമയംതാനുലകു സക-
ലവും മുന്നാമൽഭൂതമായി
നക്ഷത്രക്കൂട്ടമോരോന്നതിലഥ തെളിവാ
ൎന്നുമാവുന്നവിച്ചു,
ഇക്ഷോണീ പിന്നെയുണ്ടായതിലനവധി
നൂററാണ്ടു ചെന്നപ്പൊഴുണ്ടായ്
വൃക്ഷൌഘം പക്ഷിജാലം മൃഗതതി മു-
തലായത്ഭുതം ജീവിജാതം.

൨൱൨. കുരങ്ങു മൂത്തിട്ടിഹ മാനവന്മാർ
പാരിൽ പിറന്നെന്നരുളുന്നു ശാസ്ത്രം;
നേരാണിതെങ്കിൽ ക്രമമായിവന്നും
വരും നരന്മാൎക്കമരാധിപത്യം.

൨൫൩. കതിരവനപരാബ്ധിയിൽ മുങ്ങീ
പിതൃജനനീ പ്രിയനോടുപോയ് മയങ്ങീ.
ആപ്പൊഴുതിരുളേറെ വന്നു പൊങ്ങീ
പതറിയുഴന്ന ജനങ്ങളും വിളങ്ങീ.

൨൫൪. കന്നുകാലികൾ മേഞ്ഞുതീൎന്നഥ വന്നു
കേറിയെരുത്തിലിൽ
ഖിന്നഭാവമിയന്നു പാന്ഥരമ-
ൎന്നിതേ വഴിയമ്പലം
അന്നു വിറ്റൊരു വാണിഭങ്ങടെ ലാ-
ഭനഷ്ടമുരച്ചിതാ
വന്നിടുന്നു ഗൃഹേങ്ങളിൽ വണിജാം
സമൂഹവുമപ്പൊഴേ.

൨൫൫. അന്ധകാരകവചം ധരിച്ചൊരു നിശാനി
ശാചരി വരുമ്പൊഴ-
ങ്ങന്ധരായ് പടിയടച്ചിടുന്നു പുരവാസി-
ജാലമൊരുപോലവേ.
ബന്ധുരം തടമ പൂൎവ്വപൎവ്വതമുടിക്കുമേൽ
കുമുദബാന്ധവൻ
ബന്ധനാദിവ വിനിൎഗ്ഗതൻ തിമിരബാധ
യെപ്പരിഹരിച്ചിടും.

൱൫൰൬. ബന്ധുവിന്നുടെ വിനാശമായൊരു മ-
ഹാന്ധകാരമതുപോലവേ-
യന്ധകൂപമതിലെൻമനസ്സിനെയ-
കപ്പെടുത്തി മരുവുംവിധൌ
ബോധമായൊരു സുധാംശു വന്നുദിതനാ
യ് വിഷാദഭരമായിടും
ബാധയെപ്പുനരകററി നല്ല വെളി-
വാക്കിടുന്നു സകലത്തെയും.

൱൫൰൭. എൻതോഴാ! പഴതേ തുഴഞ്ഞു പെരുതാം
കാലാർണ്ണവം താണ്ടുവാ-
നന്തർമ്മോഹമിയന്നു ഞാൻ മരുവുമ-
ന്നേരത്തു ചാരത്തു നീ
സന്തോഷത്തൊടദൃശ്യനായ് സുരവര-
ന്മാരൊത്തു വന്നീലയോ?
സ്വാന്തമ്മോദമെനിക്കു നൾകുവതിനാ-
യ് സാന്നിദ്ധ്യമാത്രാദപി.

൱൫൰൮. എന്തെല്ലാം മറിമായമിങ്ങു ഭവതി-
ക്കുണ്ടായി വിശ്വംഭരേ!
ചന്തം ചേൎന്ന മഹീരുഹങ്ങൾ വിലസീ-
ട്ടുണ്ടായിരുന്നോരിടം

അന്തംവിട്ടൊരു രാജവീഥികൾ ജനാ-
കാരം കലൎന്നാകുലം
ഹന്താൎന്നീടിന ദിക്കുമൊക്കെയുദധി-
ക്കാഹാരമായീലയോ?

പരൻ. നിഴൽക്കണക്കതാനഹോ! മഹീധ്ര-
വും നിനയ്ക്കുകിൽ
മഴയ്ക്കു കൂടിവന്നിടും പയോധര-
ത്തിനൊപ്പമായ്
മിഴിക്കു കാണുവാൻ കഴിഞ്ഞിടാത്ത-
വൎണ്ണമങ്ങതിൻ
ചെഴിപ്പു നീങ്ങിയാകവേ ലയിച്ചി-
ടുന്നു നിത്യവും.

പന്ഥം. അസത്യമീലോക മശേഷമെങ്കിലോ
വസിക്കുമാത്മാവിലഹം ദിവാനിശം
ലസിച്ചിടും തോഴനുമായിടത്തിൽ
രസിച്ചിടും ഞാനവനോടു കൂടി.

൨൩൫. മുക്തിക്കുള്ള നിദാനമായ്,ത്രിഭുവനേ സ
ത്തുക്കൾ സംപൂജ്യമായ്,
ഭക്തിക്കുള്ളൊരു പൈതലായൊ,രിടവും
കാണാതെയസ്പൃഷ്ടമായ്,
ശക്തിക്കൊത്തു ഭജിപ്പവൎക്കുസകലം നൽ
കുന്ന കല്പദ്രുവായ്,
വക്തവ്യം പരമാത്മതത്വമമിതാ-
നന്ദം വളൎത്തുന്നു മേ.

സമാപ്തം.

ഒരു കള്ളസന്ന്യാസി.

ഗോൾഡ് സ്മിത്ത് എന്ന ഇംഗ്ലീഷ് കവിയുടെ
'ഹെർമ്മിററ്', എന്ന കൃതിയുടെ തർജ്ജമ.

൧. "സ്വാന്തപ്രദേശത്തു വസിച്ചിടുന്ന
മുനീശ്വരാ! നോക്കണമെന്റെ നേരെ
വിനാ സഹായം വഴിയിൽ കുഴങ്ങു-
ന്നൊനിക്കു കാട്ടീടുക മാർഗ്ഗമിപ്പോൾ.

൨. ദൂരത്തിതാ! താഴ്വരയിൽ പ്രമോദം
വരും വഴിക്കാക്ക തരുന്നാവല്ലെന്നും
എരിഞ്ഞു മിന്നുന്നതിഥിവ്രജത്തെ
വരിച്ചു നില്ക്കുന്നതുപോലെ ദീപം.

൩. ഞാനേനാ സഹായത്തിനൊരുത്തനില്ലാ-
തനങ്ങമേലാതെ കുഴഞ്ഞു കാല്യം
വനാന്തരത്തിൽ ചുഴലുന്നു; മാർഗ്ഗം
മുന്നോട്ടു നീളുന്നു നടന്നിടുമ്പോൾ."

൪. മുനീശനപ്പോളുരചെയ്തു: "വത്സാ!
തുനിഞ്ഞു പോകേണ്ടിരുൾ നാശമേകം;
കിനാവിലേപ്പോൽ തെളിയും വിളക്ക
മനം മയക്കീട്ടു ചതിച്ചു കൊല്ലും:

൫. ആലംബമില്ലാതെ വലഞ്ഞു വാഴു-
ന്നെല്ലാജ്ജനത്തിന്നൊരുപോലെതന്നൊ
വല്ലായ്മയില്ലാതെ വരുത്തുവാനാ-
യില്ലം നമുക്കുണ്ടു തുറന്നാട്ടക്കൽ.

൬. സല്ക്കാരകാര്യങ്ങൾ കഴിപ്പതിന്നാ-
യുക്കം നമുക്കല്പവുമില്ല,യെന്നാൽ
ഏകം നമുക്കുള്ള ചുരുക്കമൊക്കെ-
യാകുന്നപോലേ വഴിപോക്കനായി;

൭. മടിച്ചിടാതിന്നു കഴിച്ചുകൂട്ടാൻ
നടക്കയെന്നോടൊരുമിച്ചതിനാൽ;
അഷ്ടിക്കു കഷ്ടിച്ചു ചുരുക്കവട്ടം;
കിടക്കുവാൻ പുല്ലു മിടഞ്ഞ കട്ടിൽ;

൮. എടുത്തിടാമെന്നുടെ വീട്ടിലുള്ള-
തൊട്ടുക്കു ലേശം തടവില്ലതിന്നു;
നടത്തിടാം രാത്രിയിൽ നല്ലുറക്കം;
കൊടുത്തിടാമെന്നുടെ യാശിഷഞ്ചെ;

൯. കാട്ടിൽ കളിച്ചങ്ങു നടന്നിടുന്ന
ക്രൂരത്തെയൊന്നും കുലചെയ്കയില്ല;
കാട്ടുന്ന കാരുണ്യമതെന്നിലീശൻ
വീട്ടുന്നു ഞാനക്കൃപയമ്മൃഗത്തിൽ;

൧൦ പുല്ലാൎന്നു നീലിച്ചു വിളങ്ങിടുന്ന
നല്ലാ മലഞ്ചേരിയിൽനിന്നു നിത്യം
കൊല്ലുന്ന പാപം പിരളാതെയുള്ള
ഫലങ്ങൾ വല്ലം നിറയെ പ്പറിച്ചു്.

൧൧. ചോലാൎന്നു ചോലയ്ക്കു പുറപ്പെടുന്ന
നീലാഭമായുള്ളൊരു വെള്ളവും ഞാൻ
കലം തുളുമ്പുമ്പടി വാൎത്തുവന്നു
കാലം കഴിക്കുന്നതിസൌഖ്യമായി (യുഗ്മകം)

൧൨. എന്നാൽ തിരിച്ചീടുകയെന്റെ പാന്ഥാ!
നിന്നുള്ളിൽ മാലുള്ളതകററിടേണം;
നന്നായ് ധരിക്കേണമസത്യമെന്നു
മന്നിൽപ്പെടും ദുഃഖഗണങ്ങളെല്ലാം;

൧൩. ജന്മം മുഴുക്കെസ്സുഖമായ് കഴിക്കാ-
നിമ്മാനുഷന്മാൎക്കു കുറച്ചു പോരും;
ഇമ്മിക്ക കാണുന്നിതുമല്പകാല
മിമ്മന്നിൽ നന്നായ് മതിയായിടുന്നു."

൧൪. വാനി'ന്നു വീഴും ഹിമബിന്ദുതുല്യം
മുനീശ്വരൻ മന്ദമുരച്ചനേരം
കുനിഞ്ഞു വന്ദിച്ചു തിരിച്ചു മെല്ലെ!
മുനീശഗേഹത്തിനു നേക്കു പാന്ഥൻ.

൧൫. ദരിദ്രനായുള്ളയൽവാഴവോനും
പെരും വനാന്തേ വഴിതെററയോനും
ഒരേയൊരാലംബമതായ്‌വിരേജേ
ദൂരത്തുയോഗീശ്വരഗേഹമേകം.

൧൬. സൂക്ഷിപ്പുവേണ്ടുന്നൊരുസാധനംപോൽ
വീക്ഷിട്ടുപ്പതിനില്ല ഗൃഹോദരത്തിൽ;
സാക്ഷയ്ക്കുനീക്കം വിരവോടെ നൽകി
ഭിക്ഷുക്കൾ രണ്ടാളുമകത്തു കേറി.

൧൭. പണിത്തിരക്കുള്ള ജനങ്ങൾ വീട്ടിൽ
ക്ഷീണം നയിക്കാൻ വരുമന്തിനേരം
കനൽ ജ്വലിപ്പിച്ചുവിചാരമോടെ
വാണീട്ടുമത്ഥിക്കൃഷിസല്ക്കരിക്കാൻ.

൧൮. നിരത്തിവെച്ചു പല സസ്യജാലം
ചിരിച്ചു പാന്ഥനെ ഞെരുക്കിയുന്മാൻ
പൌരാണികൻ യോഗിവരൻ നയിച്ചു
പുരാണവൃത്താന്തമുരച്ചു കാലം.

൧൯. അട്ടപ്പുട്ടത്തച്ചെവവൃച്ച തമ്മിൽ
കിടന്നിണങ്ങിക്കളിയാടിടുന്നു;
ഇടയ്ക്കു ചീവീടു മുഴക്കിടുന്നു;
ചാടീകടക്കൊള്ളി പിടന്നു പിന്നൊ.

൨൦. എന്തൊക്കെയും പാന്ഥന്റെ ഹൃദന്തേ
പൊന്തുന്ന ചിന്തയ്ക്കൊരു ശാന്തിയാകാ;
സന്താപമുള്ളിൽ തികവാന്നു കണ്ണി-
ന്നന്തത്തിൽനിന്നശ്രു പൊഴിഞ്ഞു വീണു.

൨൧. ഉരുണ്ടു പൊങ്ങും തിരമാല പോലെ
തിരണ്ടു മേന്മേൽ വരുമന്തരംഗേ
പാരിച്ച ദുഃഖങ്ങളെ യോഗിവര്യൻ
പൂരിച്ചദുഃഖത്തൊടു പാർത്തു ചൊന്നാൻ.

൨൨ „അല്ലേ! വിഷാദിച്ചമരും യുവാവേ!
ചൊല്ലേണമെന്നോടു തവാന്തരംഗേ
കില്ലിന്നു കാരണമതിന്നുള്ള ബന്ധ-
മെല്ലാം മടിച്ചീടുകവേണ്ട തിരെ.

൨൩. നല്ലോരു പൊന്മേടയിൽനിന്നു നിന്നെ-
ത്തള്ളിപ്പുറത്താക്കി നടന്നിടുന്നോ?
അല്ലല്ല, മിത്രങ്ങൾ ചതിക്കകൊണ്ടോ?
മല്ലാക്ഷിമാർ നീരസഭാവമാന്നോ?

൧൮. കഷ്ടം! നിലയ്ക്കില്ലതിതുച്ഛമാണി-
ന്നിഷ്ടങ്ങൾ ഭാഗ്യത്തിൽ വരുന്നതെല്ലാം,
തുഷ്ട്യാ ലഭിക്കാനവയേ തിരഞ്ഞു
കഷ്ടപ്പെടും മൂഢതമൻ മനുഷ്യൻ.

൧൯. ബന്ധുത്വമെന്നുള്ളതു പേരുമാത്രം
ബന്ധിച്ചു ചിത്തത്തെ മയക്കുവാനായ്
ബുദ്ധിപ്രസിദ്ധിക്കു നിഴൽ കണക്കാം
ധിശധിക്കരിക്കും വ്യസനം വരുമ്പോൾ.

൨൦. ഇതിൽപരം കാമമതീവ തുച്ഛം
ചെന്താർമുഖിക്കിന്നതു ലീലയത്രേ.
അതിന്നു കാരണമാനൊരു ചക്രവാക-
ഭാവത്തിലല്ലാതെ വരുന്നതല്ല.

൨൧. മൂഢാ! ത്യജിച്ചീടുക ഹൃത്തടത്തി-
ലൂഢം തദീയം വ്യസനത്തെയെല്ലാം
ദൃഢം നിനക്കിന്നു കുറച്ചിലേകും
വ്യൂഢാംഗനാജാതിയെ നീ വെറുക്ക.

൨൨. എന്നിപ്രകാരം മുനി ചൊന്നനേരം
കാമാർത്തിപൂണ്ടുള്ളതിഥിക്കു ചെമ്മേ
മിന്നിത്തുടങ്ങീ മുഖപങ്കജത്തിൽ
നന്നായി ലജ്ജാശബളം വിലാസം.

൨൯ പ്രഭാതകാലേ ക്ഷണഭിന്നമായി-
ശ്ശോഭിച്ചിടും വാനിലതെന്നപോലെ
ചേണാൎന്നപാന്ഥൻെറ മുഖത്തു കാണായ്
ക്ഷണേക്ഷണേ ഭംഗികൾ മാറിമാറി.

൩൦ നാണം കലൎന്നുള്ള കടാക്ഷപാതം
വൎണ്ണിച്ച വക്ഷസ്സിവയൊന്നുപോലെ
ഏണാക്ഷിയാണെന്നിവളെന്നു നന്നായ്
കാണിച്ചു സൌന്ദൎയ്യവിലാസമപ്പോൾ.

൩൧ ചൊന്നാളസൌ:-പുണ്യതപോവന-
വസിക്കുമാകാശസഹായനായി (ത്തിൽ
ഭവാൻെറ ഗേഹത്തെയശുദ്ധമാക്കി
മലീമസാ ഞാനതിനെ ക്ഷമിക്ക.

൩൨. കാമാൎത്തയായിച്ചുഴലുന്നു, ശാന്തി
കാമിച്ചു കിട്ടാതെ നിരാശയോടെ
കാമം ചരിക്കുന്നൊരു കന്യയാളിൽ
കാരുണ്യമുണ്ടായ് വരണേ ഭവാനു.

൩൩. എന്നച്ഛനാട്ടെൻനദീതീരഭാഗ-
ത്തൈശ്വൎയ്യസമ്പത്തുകളോടെ വാണു;
എന്നിൽ സമൎപ്പിച്ചു ധനത്തെ; എന്നെ-
ത്തന്നോമനിച്ചു ധനമായ് പിതാവും.

൩൪. കള്ളം നടിച്ചും ചിലരുള്ളിലുള്ള
ഭള്ളും പറഞ്ഞെന്നെ വൃഥാ സ്തുതിച്ചു
തൊള്ളായിരം പേരു കൊതിച്ചുവന്നു
വേളിക്കു ചോദിച്ചു പിതാവിനോടു.

൩൫. ക്ഷണേക്ഷണേ വന്നു വരിപ്പതിന്നായ്
പണം നിറച്ചുള്ള ജനങ്ങളെന്നെ
വണങ്ങി വന്നൊഢ്വിനൊട്ടുക്കമെന്നാ-
ലിണങ്ങിയോതീല്ലവനൊന്നുമേതാൻ.

൩൬. വേഷത്തിനാഡംബരവും ധനത്തിൻ
ഘോഷങ്ങളും ശേഷിയുമില്ലവന്നു
ശേഷന്നു തുല്യം ധിഷണാവിശേഷം
ഭൂഷിച്ചതാണിങ്ങുരസിച്ചതും മേ.

൩൭. പ്രഭാതകാലത്തു വിരിഞ്ഞിടുന്നോ-
രമ്ഭോജമൊട്ടിന്നുമദഭ്രശുഭ്രം
നഭസ്സിൽനിന്നും പൊഴിയും ഹിമത്തി-
നാംഭസ്സിനും നാസ്തി തദീയശുദ്ധി.

൩൮. ചെന്താമരയ്ക്കും ഹിമബിന്ദുവിന്നും
കാണുന്ന താല്ക്കാലികിയായ കാന്തി
കൊണ്ടാനവൻ, ഞാനവതന്നിലുള്ള
നിത്യത്വമല്ലോ! കരുതീട്ടു വാണു.

൩൯. നടിച്ചുനന്നായ്പല ജാലവും ഞാൻ
പഠിച്ചതെല്ലാമവനേ മയക്കാൻ.
ഒടുക്കമെന്നിൽ പ്രിയമാർന്നനേരം
കടുത്ത ദുഃഖത്തെയവന്നു നൽകി.

൪൦. നിരാശനായിട്ടവനെന്നെ വിട്ടു
ചരിച്ചു കാട്ടിൽ പല നാളു പിന്നെ
ആരും വരാതുള്ള വനാന്തരത്തിൽ
മരിച്ചുപോയീ തനിയേ കിടന്നു.

൪൧. തെററെൻെറയാണെന്നതിനില്ല തക്കം
മുററുന്ന മാലിന്നു വരുന്നതിന്നു
കുററത്തെവീട്ടുന്നതിനെൻെറ ജീവൻ
വിററീട്ടുവാനായി നടന്നിടുന്നു.

൪൨. ആയാളണഞ്ഞോരു വഴിക്കുതന്നെ
പോയിട്ടു ഞാനെന്നുടെ ജീവിതത്തെ
നയിച്ചു ദുഃഖത്തെയകററുവാനായ്
പായുന്നു ഞാനസ്ഥലവും തിരഞ്ഞു.

൪൩. ഏകാകിനീ ഞാനവിടെക്കിടന്നു
പോക്കും ശരീരം മമ ജീവിതം ച;
ഇവ്വണ്ണമാണെന്നധിനിന്നെനിക്കു ചെയ്യു-
തവ്വണ്ണമേ ഞാനുമവന്നു ചെയ്യും.”

൪൪. "തട്ടുക്ക ദുസ്സാഹസമീശ്വരാ! മേ
പ്രസീദ!" എന്നങ്ങുരചെയ്തു യോഗീ
പുണർന്നു ഗാഢം തരുണീജനത്ത
തിരിഞ്ഞു നിന്നിങ്ങവൾ കോപമോടെ,

൪൫. പാർത്തൊരു നേരം മുനിവര്യനായി
പ്പാർത്ഥപ്പുമാൻ തൻപ്രിയനാകുമെന്ധ്വി
തന്നാണതെന്നാകുലകന്യകയ്ക്കു (ൻ
തന്നന്തരംഗേ കുതുകം വളർന്നു (യുഗ്മകം)

൪൬. "അയിപ്രിയേ! സുന്ദരി! ഐജ്ഞലൈനാ
പ്രിയൻ തവ പ്രാർത്ഥിതനിത്ര നാളും
പ്രിയത്വമോടിങ്ങു തവാന്തികേതാൻ
നിയന്ത്രിതൻ പാർത്തിടുകെന്റെ നേരെ.

൪൭. സർവ്വസ്വവും ജീവനുമിന്നു നീ താ-
നവ്വീതലത്തിൽ തടവില്ലെനിക്കു
നിർവിഘ്നമായ് നാമൊരുമിച്ചിരുന്നു
പൂർവ്വാധിയൊക്കെക്കളയാം പുണർന്നു.

൪൮. നിർവ്യാജമായി പ്രിയമാർന്നു തമ്മിൽ
വേർവ്വാടൊരേനാളുമകപ്പെടാതെ
ഇവ്വണ്ണമേ വാഴണമല്ലൽ നിന്റെ
കാർവ്വേണി! എന്ധ്വിന്നു സഹിച്ചുകൂടാ.

നദി.

[ഇംഗ്ലീഷിൽനിന്നും]

൧. "അയിതരംഗിണി! സുന്ദരി! ചൊല്ക, നീ-
യെവിടെ നിന്നൊഴുകുന്നു ജലം തവ?
അലസയായെവിടേക്കു കടന്നിട്ടു-
ന്നഥ വിചാരനിമഗ്നയുമായി നീ?"

൨. "മലയിലാണു ജനിച്ചതു, വേനലിൽ
ചിതറുമമ്മഴ തന്നെ വളൎത്തി മാം,
വനസുമങ്ങൾ വിതാനമതായിട്ടു-
ന്നരുവിയാണു ഭവിച്ചതു തൊട്ടിലായ്.

൩. അവിടെനിന്നൊരുനാളൊരു ചോലയാ-
കളികളാണ്ടു നടന്നഥ മണ്ടി ഞാൻ (യ്
ചെരിവിൽ വീണു കുതിച്ചഥ കുന്നത-
ന്നാടിയിലേക്കു കടന്നു രസത്തോടേ.

൪. കുറിയ പുല്ലു നിറഞ്ഞു മനോജ്ഞമാ-
മിരുകരയ്ക്കു നടുക്കു കടക്കവേ
വിടിരുമമ്മലരുമ്മകൾ തന്നു മാം
പ്രിയത പൂണ്ടെതിരേററു ഗൃഹങ്ങളിൽ.

൫. ഇതി രസേന രമിച്ചു കടന്നു ഞാൻ
കടവൊരോന്നി,നി വൻകടലാം മമ
ശവകുടീര, മതിന്നാലറുന്നതെൻ
ചെവിയിലേററു നടന്നിട്ടവാൻ പണി."

ബാലോപദേശം.

[ഇംഗ്ലീഷിൽ നിന്നും]

---

൧. പ്രായംതികഞ്ഞുപുരുഷത്വമിയന്നിട്ടമ്പോ-
ളീശ്വരൻ വന്നു തരുമോ സുഖമീശനെന്തോ?
ഇബ്ബാല്യകാലമതിനാൽ സുഖമായിരിക്കാ-
നുദ്യോഗമൊന്നുതുടരേണമെനിക്കതിപ്പോ (൧൦.

൨. മാതാവുതൻെറമൃദുവാംമൊഴിയോർത്തുകേട്ടു-
മച്ഛൻെറശാസനയെഴനൊരുത്ഭഷ്ടിയേററം
അമ്മയ്ക്കുമച്ഛനമതീവ മനസ്സിൽ മോദ-
മേകും മകന്നു കരയാൻ വരികില്ല വേള.

൩. തന്നാൽ കഴിഞ്ഞൊരുപകാരമട്ടത്തുചേരു-
ന്നോവർക്കുമിന്നു കനിവോടരുളുന്ന ബാലൻ
സവേശ്വരന്നുടെയനുഗ്രഹമേററ മേന്മേൽ
വാഴും സുഖത്തൊടിഹ ജീവിതകാലമാകെ.

ർ. നീചത്വമാന്നതിജുഗുപ്സിതമായിട്ടുന്നാ
കള്ളത്തെയേവനഹിതുല്യമകററിട്ടുന്നോ,
ലോകത്തിലുള്ള നിയമങ്ങളുടേതിനെക്കാൾ
മാഹാത്മ്യമേറിട്ടുമവൻെറ നടപ്പിനെല്ലാം.

൫. ഏവം സുഖിച്ചു മരുവുന്നൊരുബാലനെന്നും
കൎത്തവ്യമാകെ നിറവേററുമതന്ദ്രനായി
സത്യംവദിക്കുമതുപോലെയവൻെറ നാവു-
മാനന്ദമേകുമകതാരിലവൻെറ വാക്കും.

൬. തന്നുള്ളിലുള്ളതു മുഴുക്കെ മഹേശനെന്നും
കാണുന്നുവെന്നാവനറിഞ്ഞിട്ടുമാകയാലേ
ആകുന്നപോലെ ശരിയായ് സകലംനടത്തും
ഗേഹേച,കേളിസമയേ, പഠനേച,നിത്യം.

മേഘോപാലംഭം.

—=*=—

൧. ശ്യാമളാകൃതിയതായ് ഭയാനകം
വ്യോമമാൎഗ്ഗമതിലങ്ങുദിച്ചിതാ!
ധൂമയോനിയിതു ധൂമകേതുവാ-
യാമയങ്ങളെ വളൎത്തിടുന്നാഹോ!

൨. കാലമേഘമിതകാലചോദിതം
കാലനാണു് ജനതക്കു നിൎണ്ണയം
കാലധൎമ്മമണയിച്ചു ജീവിയെ
ക്കാലമങ്ങു കളയുന്നു നിത്യമായ് -

൩. വാരുണിയെസ്സേവിച്ചതി-
ന്നീരുൾകൊണ്ടോരു കൊണ്ടലേ! നിന്റെ
ജീവനമെത്ര ദിനങ്ങൾ-
ക്കാവതു രക്ഷിക്കിലും നിലച്ചീടും?

൪. ഭള്ളു പറഞ്ഞു് നടക്കും
പൊള്ളമനസ്സുള്ളയാളുകൾക്കൊപ്പം
തൊള്ള തുറന്നു മുഴക്കാ-
നുള്ളിലൊരെള്ളോളമില്ലയോ ലജ്ജ?

൫. ചെള്ളയെല്ലാന്നു കൊട്ടത്താൽ
കള്ളനമുള്ളത്തിലുള്ള തങ്ങേകും;
കൊള്ളാമിടികൊണ്ടാലും
കള്ളനിവൻ നൽകുകില്ല ജലപാനം:

൬. രത്നാകരന്നിശമിവൻ
രത്നാകരമാൎന്നിട്ടും കക്കാൻ
അന്തരമെന്തു ഭവിച്ചിവ-
നന്ദിയിലൊരുതുള്ളിവെള്ളവും കക്കാൻ?

൭. പാറയുമുരുകും താപം
നിറയുമ്പോളലിവൊരിക്കലും ഘനമേ!!
കുറെയെങ്കിലുമില്ലാത്തതു
മറവന്നു പിറന്നാകൊണ്ടാണോ?

൮. പുല്ലു പൊതിഞ്ഞൊരു കിണറിനു
തുല്യമതാം നിൻെറ പുഞ്ചിരിക്കൊഞ്ചൽ
മല്ലാക്ഷിമാർ മനത്തേ
വെല്ലാനല്ലാതെയെന്തിനുതകുന്നു?

൯. കണ്ടാൽ കാറണിവർണ്ണം
കുണ്ടുത്വം പോകുമെന്നു പണ്ടുള്ളോർ
മണ്ടന്മാരായതുതാൻ
കൊണ്ടാണോ ചൊല്ലിയെന്നു തോന്നുന്നു.

൧൦. കാളാംബുദ! കോളിന്നിതു
നിളെ നടക്കുന്നതിനു കൊള്ളരുതേ
കളയാഞ്ഞാൽ ജലഭാരം
കളവല്ലേ നീയടിഞ്ഞുപോയീടും.

൧൧. ഘനമില്ലാത്തതു ഘനമായ്
നനവുള്ളതു ചൂടു നല്കുവതായ്
ചഞ്ചലമിഴിയാം മുകില-
ഞ്ചിതമിന്ദ്രൻെറ വില്ലുമേന്തുന്നു!!

൰൨. കലികാലവൈഭവത്തെ-
ച്ചൊല്ലാനെന്തുള്ളു മാനമാനുള്ള
മുകിലും മുതുകിലടിയ്ക്കു,ടി
യിടിയും കൊണ്ടങ്ങു പോയിട്ടുന്നാല്ലോ!

൰൩. ധാരാധരമേ! നിന്നുടെ
നിറവും ക്രൂരത്തവും നിനച്ചെന്നാൽ
ഇല്ല ധരാധരമത്തുമാ-
യാകാരത്തിന്റെ ഭേദമെന്നാലും.

൰൪. ജീവനദാതാനീയിതി
ഭാവം ലോകത്തിലുള്ള വക്കാക്കും
ജീവനഹന്താവായി-
ട്ടേവം ചമയുന്നതെന്തിനയ്യോ! നീ?

പുത്രദുഃഖം.

൧. എന്നോമലപ്പൈതലിന്നേ വെടിഞ്ഞു
മന്നിൽ കിടന്നിട്ടിനിയെന്തു കാര്യം?
കന്നാം തിരിഞ്ഞീവിധമാചരിച്ച
മന്നാൻ വി ധിക്കെന്തിഹ ചെയ്തുകൂടാ?

൨. പടച്ചു വിട്ടിട്ടതിനൊബ് ഭരിക്കാൻ
പടുത്വമില്ലാത്തവരങ്ങതിന്നു
മിടുക്കു കാണിച്ചു പുറപ്പെടാതെ-
യടങ്ങിടുന്നാകിലതെത്ര നന്നു!

൩. ചുമ്മാതെയല്ലീ വിധിയേ നിനച്ചാ-
ലിമ്മാനുഷന്മാർ തൊഴുവാതെയായി
ഇമ്മാതിരിക്കാരനെയാരുവാൻപോൽ
ചുമ്മാൻ ശിരസ്സിൽ തുനിയുന്നു കഷ്ടം!

൪. പിതാമഹന്നുള്ളൊരു വത്സലത്വം
പിതാവിനും ബാലരിലില്ലയെന്നു
വൃഥാ കഥിക്കുന്ന ജനങ്ങളെല്ലാ-
മിതാ വെളിപ്പെട്ടു നമുക്കതിപ്പോൾ.

൩. മുക്കണ്ണനെന്നുണ്ണിയൊടിത്രമാത്രം
വക്കാണമുണ്ടായതിനെന്തുബന്ധം?
ധൃഷ്ട്യാലമോൎത്താലിവനും വിശാഖൻ
മുഷ്ട്യാണിതെന്നോണ്ണി ഹരിച്ചിതോ നീ?

൪. കുമാരനാണെന്ന വിചാരമുള്ളി-
ലുമാപതേ! തെല്ലുമിരുന്നുവെന്നാൽ
നാമാവശേഷത്വമവന്നു നല്കാൻ
രാമാ! നിനക്കെങ്ങനെ തോന്നിയത്രോ!

൫. നേരായ് നിനച്ചാലിഹ ധൎമ്മതത്വ-
നാരായവേരായ് സകലം ഭരിക്കും
നരായണാ! നിന്റെ ചെവിക്കിതെല്ലാം
നാരായമായിച്ചമയുന്നതില്ലേ?

൬. ശയ്യാഗൃഹത്തിന്റെ പുറത്തിറങ്ങാൻ
വയ്യാതിരുന്നൊന്നുടെ പയ്യനിപ്പോൾ
കയ്യാള്കൂടാതെ കടന്നുപോയ-
തയ്യോ! കഥം സംസൃതിസാഗരത്തെ.

൭. നെയ്യും പരിപ്പും കലരുന്നൊരന്നം
കയ്യിൽ കുഴച്ചെന്നുമുരുട്ടിവെച്ച
മെയ്യൊന്നു നന്നായ് വരുവാൻ കൊടുത്ത
പയ്യൻ കളിപ്പിച്ചിതു നമ്മെയിപ്പോൾ.

൧൦. സൌവൎണ്ണപങ്കേരുഹശങ്കയാക്കും
നിൎവ്യാജമുള്ളിൽ കലരുന്നവാറു
അവ്വൎണ്ണമുള്ളോരു മുഖത്തിനയ്യോ!
വൈവൎണ്ണ്യമുണ്ടായതിനെന്തു ബന്ധം?

൧൧. കാല്പൂനിരയെന്നൂൎന്നി ചിലങ്കയിട്ടു
ചേലോടെയിബ്ബാലകവൃന്ദമായി
കോലാഹലത്തോടെ നടന്നു കാണാ-
നാലോചനയ്ക്കും കഴിയാതെയായി!

൧൨. കാലൊന്നു കയ്യൊന്നു വളൎന്നിതായോ?
കലൎന്നു കൌതുഹലമുള്ളിലേവം
ബാലോപകണ്ഠത്തെയണഞ്ഞതെല്ലാം
നിലച്ചിതയ്യോ! വയമെന്തുചെയ്യാം!

സ്തോത്രാവലി.

൧. മണ്ണൂൎമ്മാറാലയേശാഷ്ടകം.

൧. വ്യാഘ്രാലയേശ്വരജ്ഞഹാസ്ഥ്വിതിനിശ്ചി-
(താത്മാ
ലോകോപകാരകരണേനിരതഃപിതാമെ
അസ്ഥാപയദ്ധ്യമഖിലാൎത്തിവിനാശകം തം
മണ്ണൂൎമ്മാറാലയഗതം പരമേശമീഡെ

൫. മാത്രാതിമാത്രപരിശുദ്ധമനസ്സയാമെ
സ്തോത്രൈഃപ്രദക്ഷിണശതൈരുപദാപദാ
(ത്തൈഃ
സംപൂജിതംസപദിവാഞ്ഛിതദാനശൌ-
മണ്ണൂർമ്മാലയഗതംപരമേശമീഡെ(ണ്ഡം

൬. അസ്മാഭിരഭ്യുദയകാംക്ഷിഭിരാത്തഭക്തി
ഭസ്മാങ്കിതാഗ്രതനുഭിന്നതമദ്യതുഷ്ടം
നൈവേദ്യലാഭമുദിതാംശ്ചനിശാമ്യബാലാ
മണ്ണൂർമ്മാലയഗതം പരമേശമീഡെ (ൻ

൭. യേയേജനാഃകൃപണതാമപഹായസായം
ത്വത് പാദപങ്കജമജസ്രമിഹാശ്രയന്തി
തേഷാമഭീഷ്ടഫലദാനവിശാരദംതം
മണ്ണൂർമ്മാലയഗതംപരമേശമീഡെ

൮. സംഹാരകാരകജതിപ്രഥിതാം ഹരസ്യ
കീൎത്തിംപ്രദൎശയതിയോൾഭുവനൈകനാഥഃ
അസ്മദ്വിപദ്വ്രജവിലൂണ്ണനഏവനിത്യം
മണ്ണൂർമ്മാലയഗതം പരമേശമീഡെ

൯. അന്നപ്രദാനവിഷയേമഹിമാനമസ്യ (ൽ
സ്തോതുംസഹസ്രവദനോപ്യവശാരദസ്സ്യാ-
പൂണ്ണാദരെഷുസകലേഷുജനേഷുതൃപ്തം
മണ്ണൂർമ്മാലയഗതംപരമേശമീഡെ

൭. യദ്യന്മയാജ്ജിതമിഹാപ്യപരത്രചാസ്മാം
തത്തത്തവാപ്പ്ണകൃതെജഗദെകസാക്ഷി-
ഏവം ചികീഷ്തിജനേ വരദാനദക്ഷം (ൻ
മണ്ണുമ്മാലയഗതംപരമേശമീഡെ.

വു. കോയംമദീയമഹിമാനമിഹപ്രവക്തു-
മാരബ്ധവാനിതിനതേസ്തുവിതക്കയേഷഃ
നേത്രദ്വയീതവപദദ്വയലംബിനീചെ-
ദ്വീക്ഷിഷ്യസെധ്രുവമിമംചരണാനതം-
(ത്വം

൨. ശിവാഷ്ടകം.

---

൧. ചരണസേവകരായ ജനങ്ങളെ
ശ്ശിരസി വെച്ചമരും പരദൈവമേ!
ദുരിതരാശികളൊക്കെയകററി മാ-
മുരുകൃപാലയ!പാലയ ശങ്കര!

൨. ത്രിപുരനാശന! നിന്നുടെ ലോചനം
രിപുജനങ്ങളെയാകെയകററിട്ടം
കൃപണരക്ഷണരീതിനിനയ്ക്കിലി-
ന്നാപരമേ പരമേശ്വര! നിന്നുടെ.

൨. മതിമതാമപി ഗോചരനല്ല നീ
നതജനത്തിന്ന കാണ്മതെളുപ്പമാം
കൃതിഷു തേ കരുണാമൃതനിർഝരീ-
വിതരണേ തരണേ കുറെയിന്നു മേ

൩. ഒരുവിധത്തിലുമിങ്ങു കടക്കുവാൻ
തരമൊഴിഞ്ഞൊരു സംസൃതിസാഗരേ
തിരയിൽ മുങ്ങി വലഞ്ഞുഴലുന്ന മേ
ഹര!ശിവങ്കര! വൻകര കാട്ടണേ.

൪. ഭവഭയങ്കരസാഗരമധ്യഗം
ശിവ!കരഗ്രഹണേന കരേററണേ
ഭുവനമാന്നമരുന്ന ദുരാത്മനാ-
മവരണേ വരണേ മമ നിർണ്ണയം.

൫. വിഷധരങ്ങളെയങ്ങു ധരിക്കിലും
വിഷമശിക്കിലുമന്തമതില്ല തെ
വിഷയരാശിയിൽ മേ മുദമേകൊലാ
വൃഷഭലാഞ്ഛന! ലാഞ്ഛനപോലുമേ.

൬. ദിവസമൊന്നിനൊരിക്കലെരക്ഷണം
ഭവഭയം കളയും തിരുനാമമാം
ശിവശിവേതി ജപിച്ചു നടന്നിട്ട-
ന്നവരുമേ വരുമേ തവ സന്നിധൌ.

൰. എവനെവൻപതിറവായ് പ്രതിപത്തിയോ-
ടവനിഭൃത്തനയാപതിതന്നുടെ
സ്തവനമങ്ങുനടത്തി നമിച്ചിടു-
നവനവന്നു നവോന്നതി വന്നിടും.

൯. ശ്രീകൃഷ്ണദശകം

൧. ഉലകിനെയുലക്കപോലേ
നാലാസ്യൻ സൃഷ്ടിചെയ്തു ഫലമെന്തായ്?
പാലനമതിനെച്ചെയ്യാൻ
പാലാഴിയതിൽ പ്രസുപ്തനാം ശൌരി.

൨. കണ്ണുകളായിരമുണ്ടേ
വിണ്ണോവരനെന്തവസ്ഥ ഫലമോത്താൽ?
തിണ്ണമൊരസുരൻ വരവേ
കണ്ണൻ കണ്ണൊന്നു കാട്ടിയേ കഴിയു.

൩. ഉണ്ടെന്നാലും വളരെ
കൊണ്ടാടുകയില്ല നല്ലതല്ലാതെ;
രണ്ടേ കണ്ണനു കണ്ണു-
ള്ളുണ്ടർകോനുണ്ടു പത്തുനൂറെണ്ണം.

൪. ശ്രേഷ്ഠിയെഴുന്നൊരു പൂരുഷന്ന
മുഷ്ടിയേണ്ടു വൃഥാ ഭരിക്കുവാൻ ലോകം;
ശേഷേ ശേതേ ഭഗവാൻ
ഭേഷായ് പാരാകെ രക്ഷിതം തേന.

൫. മുപ്പത്തിമൂന്നുകോടി-
ച്ചൊല്പടിയായിരുന്നുണ്ടു വിണ്ണവരും
കൂപ്പും കൈകളുയർത്തി-
ച്ചില് പൂരുഷമേകമേവ സർവ്വജനം.

൬. നാഴികവട്ടക വെള്ളം
നക്ഷത്രം പാർത്തുമെണ്ണിയടികളെയും
നേരം നോക്കി പിഷാരൊടി
നന്ദാത്മജന്റെ ജാതകം തീർക്കാൻ?

൭. ഓരോവേഷങ്ങളോരുത്തന്ന
ചേരും പാർത്താലനേകവടിവാകാം;
കാരണപൂരുഷരൂപം
ഭീരുവിന്നെപ്പോലിരിക്കിലും കൊള്ളാം.

൮. കാലത്തിന്ന ചേരുന്നൊരു
കോലം കെട്ടുന്നു ലോകരാസകലം;
കാലാത്മകനാം കൃഷ്ണൻ
കാണിച്ചുകൊടുത്തതാണു വിദ്യയിതു.

൯. നാലുമ്മൂല കളിക്കും
ബാലകനായുള്ള കണ്ണനോർത്തീടിൽ
കാലൊന്നുകൊണ്ടളന്നു
ബലിയുടെ നാടാകെ വടുവടിവായ്.

൧൦. മോഷണമെന്നൊരു ദൂഷണ-
മേഷണിക്കൂട്ടാനരച്ചിടുന്നു ചിലർ
ഭീഷണഫണിവരശയനാം
ദോഷമകന്നുള്ള ദേവനും കൂടെ.

൧൧. കംസാരാതിചരിത്രം
സംസാരത്തിൽ പ്രവൃത്തമാക്കീടിൽ
സംസാരബന്ധമാകെ
കിംസാരം? ദൂരെ വെടിയുമുടൻ.

൪. ദശാവതാരം.

൧. ഇഹലോകസുഖങ്ങളശേഷം
മോഹമതെന്നൊരു ബുദ്ധിയെഴുന്നാ
മഹതാമതിസമ്പദമേകും
മോഹനഗാത്ര! പവിത്ര! നമസ്തേ.

൨. സകലാഗമമൊക്കെ വിരിഞ്ചനാൽ
പ്രകടമാക്കി തവൈകപരായണം
സുകരം പുനരല്ല തഥാപി മേ
മകരരൂപ! ഹരേ! തവ ദർശനം.

൩. അസുരഗണമണഞ്ഞു ഭൂമിയിൽ
കുസൃതികൾ കാട്ടിവരുന്ന വേളയിൽ
പ്രസൃമരകരുണം ഹനിച്ചു താൻ
വസുമതി താങ്ങിന കൂർമ്മമേ! നമഃ.

൪. കരുണാമൃതപൂർണ്ണനായ് പുരാ
വിരവോടങ്ങു വരാഹരൂപനായ്
ഉരുസംസൃതിസാഗരോദരേ
മരുവും മേദിനിയേ വഹിച്ചു നീ.

൫. കശിപുരിപുവിനാലപാരമായി-
ശ്ശിശുകുലവും കുലപാതകം ഭയന്നു്
അശനമതു വെടിഞ്ഞു വാടിനില്ക്കേ
നിശിതനഖൈർന്നിഹനിച്ചു നീ സുരാരിം.

൬. ബലവാനതെന്നൊരുവിചാര-
മലമിതി മഹാബലിക്കുമേ
ബാലവടിവു കവരുന്നവനായ്
നലമോടു നൽകിയുപദേശമായി നീ.

൧. മലതൊട്ടു സിന്ധുവോളം
മലയാളം നാടിതൊന്നു സൃഷ്ടിച്ചു
പലതാമാചാരത്തെ
ക്കലെയാംചക്രഷേ വിശേഷമായ് പണ്ടേ.

൨. മാതാവോത്തും മൊഴിയുടെ കർത്തവ്യത്വം
സീതാദേവിക്കുള്ളൊരു പാതിവ്രത്യം
ഭ്രാതാക്കന്മാർക്കുള്ളൊരു സൌഭ്രാത്ര്യം
ശ്രോതാക്കൾക്കും നൽകിന രാമായ നമഃ.

൩. ഹലായുധം ധരിച്ചു നീ ബലിഷ്ഠ-
നാം പ്രലംബനെ
കൊല്ച്ചു ഭൂതലത്തിനുള്ളലച്ചിൽ
നീക്കിയാകവേ
കുല്യക്കമെന്നിയേ കലം നിറച്ചു
കള്ളു മോന്തിയും
നിലയ്ക്കു നിന്നിടുന്നു നീ മലയ്ക്കു തു-
ല്യനായ് സദാ.

൪. കാളിന്ദീപുളിനമതിങ്കലാളിമാരാം
കേളിശ്രീ കലരുമൊരംബുജാക്ഷിമാരായ്
മേളിച്ചങ്ങനുദിനമുല്ലസിച്ചു വാഴും.
കാളാംഭോധരനിഭഗാത്ര! മംഗലം തേ.

൫൫. ദുഷ്ടക്കൂട്ടം ജാതിമതാചാരത്തെ
ശിഷ്ടം വെക്കാതാക്കിടുമന്നേരത്തു
ശിഷ്ടാനാം നീ രക്ഷണമാശു നടത്താൻ
ദിഷ്ട്യാ ഭൂമൌ ഖഡ്ഗിയതായിത്തീരും.

൫൬. കരണഗണത്തിൻഗണനകളെല്ലാ-
മരണകൾതന്നുടെ നിനവിനു സദൃശം
ഹരിയുടെ ചരണം സ്മരണമതിങ്കൽ
വിരവൊടു വരണം മരണം വരെയും.

ശുഭമസ്തു.

[illegible]

[illegible]

തൃശ്ശൂർ [illegible]

[illegible]

[illegible]

[illegible]